# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി./11/629/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 29/07/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി./11/629/2022 തീയ്യതി: 29/07/2022

## കാസർഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ കുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 24-06-2022 | 25-06-2022 |
| ശ്രീ.ഗോപാലകൃഷ്ണ നായ്ക്.പി | ഡെപ്യൂട്ടി ഡയറക്ടർ (ഇൻചാർജ്ജ്) | 26-06-2022 | 01-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-06-2022 | 01-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സി കുഞ്ഞിക്കണ്ണൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീമതി.ശ്രീജ.പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. സനിൽകുമാർ ജി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അതീന്ദ്രൻ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-12-2020 |
| മുരളീധരൻ പുന്നക്കുഴി | അസിസ്റ്റന്റ് സെക്രട്ടറി | 01-01-2021 | 01-02-2021 |
| ഷൈജു.ടി | അസിസ്റ്റന്റ് സെക്രട്ടറി(ഇൻചാർജ്ജ്) | 01-02-2021 | 23-02-2021 |
| ടി.രവീന്ദ്രബാബു | അസിസ്റ്റന്റ് സെക്രട്ടറി | 24-02-2021 | 27-02-2021 |
| ഷൈജു.ടി | അസിസ്റ്റന്റ് സെക്രട്ടറി(ഇൻചാർജ്ജ്) | 28-02-2021 | 31-03-2021 |
| ഷാനജ്.പി.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 17-07-2020 |
| സന്തോഷ്.കെ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 18-07-2020 | 31-03-2021 |
| ഹരിത.കെ.വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശരത്ത പി സുകുമാരൻ | എെ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| ശരണ്യ വേണു | എെ.സി.ഡി.എസ് സൂപ്പർവൈസർ | 02-11-2020 | 08-03-2021 |
| പ്രേമലത.ഡി | എെ.സി.ഡി.എസ് സൂപ്പർവൈസർ | 08-03-2021 | 31-03-2021 |
| ശ്രീനിവാസൻ | വി.ഇ.ഒ (തായന്നൂർ സർക്കിൾ) | 01-04-2020 | 31-03-2021 |
| ഗോകുൽ | വി.ഇ.ഒ (ബേളൂർ സർക്കിൾ) | 01-04-2020 | 31-03-2021 |
| ഗോപി.പി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ.വിഷ്ണു | വെറ്റിനറി സർജ്ജൻ | 01-04-2020 | 16-10-2020 |
| ഡോ.റിൻസി എം അലി | വെറ്റിനറി സർജ്ജൻ | 16-10-2020 | 27-02-2021 |
| ഡോ.നീതു സുന്ദരൻ | വെറ്റിനറി സർജ്ജൻ | 27-02-2021 | 31-03-2021 |
| ഡോ.പ്രസാദ് തോമസ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.ദിലീപ്.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.ജിതിൻരാജ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 30-12-2020 |
| ഡോ.ജാറിയ റഹ്മത്ത് എ.ജെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 31-12-2020 | 31-03-2021 |
| ജയലക്ഷ്മി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 16-01-2021 |
| ശാലിനി | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| ജോസ് ബാബു | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 22-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ<br>Written By: Sunilkumar. M (Senior Grade Auditor, On 04-07-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 04-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 04-07-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 04-07-2022) | 1-2-1 |
| 4 | ബാങ്ക് പാസ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 04-07-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 04-07-2022) | 1-2-2 |
| 5 | ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ.<br>Written By: Sunilkumar. M (Senior Grade Auditor, On 04-07-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 04-07-2022) | 1-2-3 |
| 6 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 04-07-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 04-07-2022) | 1-2-4 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകളുടെ അക്കൗണ്ടിംഗിലെ പോരായ്മകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 04-07-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 04-07-2022) | 1-2-5 |
| 8 | ബാലൻസ് ഷീറ്റിലെ മറ്റ് പ്രധാന അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 04-07-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 04-07-2022) | 1-2-6 |
| 9 | സാംഖ്യ-ILGMS പോർട്ടിംഗ്<br>Written By: Sunilkumar. M (Senior Grade Auditor, On 04-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-07-2022) | 1-2-7 |
| 10 | സാമ്പത്തിക വിശകലനം<br>Written By: Sunilkumar. M (Senior Grade Auditor, On 28-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-07-2022) | 1-3 |
| 11 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Sunilkumar. M (Senior Grade Auditor, On 29-06-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 22-07-2022) | 1-4 |
| 12 | പദ്ധതി അവലോകനം<br>Written By: Jenu Kuriakkose (Asst. Audit Officer, On 28-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-07-2022) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 30-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-07-2022) | 1-6 |
| 14 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 29-06-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 29-06-2022) | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Arun Dev V.R (Senior Grade Auditor, On 25-06-2022)<br>Last Updated By: Arun Dev V.R (Senior Grade Auditor, On 25-06-2022) | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 07-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 07-07-2022) | 1-9 |
| 17 | ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി<br>Written By: Arun Dev V.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 13-07-2022) | 1-10 |

| | | |
|---|---|---|
| 18 | 100 ച.മീറ്ററിനു മുകളിലുള്ള ചുവടെ പറയുന്ന കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>Written By: Arun Dev V.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 13-07-2022) | 1-11 |
| 19 | രസീത് ബുക്ക് പ്രകാരം വസ്തു നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയേക്കാൾ കുറഞ്ഞ തുക സഞ്ചയയിൽ ഒടുക്കിയിരിക്കുന്നു.<br>Written By: Arun Dev V.R (Senior Grade Auditor, On 10-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-07-2022) | 1-12 |
| 20 | വൃദ്ധർക്ക് കട്ടിൽ - ജനറൽ - രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 497860/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Arun Dev V.R (Senior Grade Auditor, On 10-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 13-07-2022) | 1-13 |
| 21 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് /ബത്ത - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Arun Dev V.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-07-2022) | 1-14 |
| 22 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു.<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 03-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-07-2022) | 1-15 |
| 23 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തികരിച്ചില്ല<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 03-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-07-2022) | 1-16 |
| 24 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല.<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 03-07-2022)<br>Last Updated By: Priyesh M.K (Computer Assistant, On 28-07-2022) | 1-17 |
| 25 | തുങ്ങൽ മിച്ചഭൂമികോളനി ഫൂട്ട് പാത്ത് കോൺക്രീറ്റ്-പദ്ധതിയുടെ നിർവഹണം നടത്തിയ അക്രഡിറ്റ് ഏജൻസിക്ക് കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചു- അധികം നൽകിയ തുക തിരികെ ഈടാക്കണം.<br>Written By: Vinoth Kumar C (Audit Officer, On 07-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-18 |
| 26 | പുളളിക്കല്ല് മാണിയൂർ റോഡ് ടാറിംഗ് പ്രവൃത്തി - കരാറുകാരന് അധികം തുക നൽകി.<br>Written By: Vinoth Kumar C (Audit Officer, On 07-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 07-07-2022) | 1-19 |
| 27 | വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളുടെ പരിശോധന-ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 04-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-07-2022) | 1-20 |
| 28 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂർ നൽകിയ പ്രവൃത്തികൾ- മുൻകൂർ കൈപറ്റി പ്രവൃത്തി ആരംഭിക്കുന്നതിൽ അസാധാരണമായ കാലതാമസം- പിഴ ഈടാക്കിയിട്ടില്ല-മറ്റ് അപാകതകൾ.<br>Written By: Vinoth Kumar C (Audit Officer, On 07-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 22-07-2022) | 1-21 |
| 29 | അനുപൂരക പോഷകാഹാരം - ജനറൽ- രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 38640/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Arun Dev V.R (Senior Grade Auditor, On 10-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-22 |
| 30 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / ബത്ത- പൊതുവിഭാഗം- രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 247800/- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |

| | | |
|---|---|---|
| | Written By: Arun Dev V.R (Senior Grade Auditor, On 10-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | |
| 31 | അനുപൂരക പോഷകാഹാരം - ജനറൽ- രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 1849/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Arun Dev V.R (Senior Grade Auditor, On 10-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-24 |
| 32 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് മുൻകൂർ- അക്കൗണ്ടിങ്ങിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 12-07-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 12-07-2022) | 1-25 |
| 33 | കാർഷിക മേഖലയിലെ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 12-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-26 |
| 34 | നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ.<br>Written By: Sunilkumar. M (Senior Grade Auditor, On 12-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-27 |
| 35 | വികസനരേഖ തയ്യാറാക്കൽ - അധിക ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jenu Kuriakkose (Asst. Audit Officer, On 17-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-28 |
| 36 | വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Jenu Kuriakkose (Asst. Audit Officer, On 17-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-29 |
| 37 | ജനപ്രതിനിധികൾക്ക് യാത്രാബത്ത - ട്രെയിൻ ടിക്കറ്റുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല<br>Written By: Jenu Kuriakkose (Asst. Audit Officer, On 17-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-30 |
| 38 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി) -ന് ബാന്റ് സെറ്റ് -പൊതു അപാകതകൾ<br>Written By: Jenu Kuriakkose (Asst. Audit Officer, On 17-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-31 |
| 39 | തെരുവ് വിളക്ക് സ്ഥാപിക്കൽ -പദ്ധതി നിർവഹണത്തിലെ അപാകതകൾ<br>Written By: Jenu Kuriakkose (Asst. Audit Officer, On 21-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തുങ്ങൽ മിച്ചഭൂമികോളനി ഫൂട്ട് പാത്ത് കോൺക്രീറ്റ്-പദ്ധതിയുടെ നിർവഹണം നടത്തിയ അക്രഡിറ്റ് ഏജൻസിക്ക് കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചു- അധികം നൽകിയ തുക തിരികെ ഈടാക്കണം.<br>Written By: Vinoth Kumar C (Audit Officer, On 07-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022)<br>Last Updated By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022)<br>Last Updated By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022)<br>Last Updated By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022) | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Sunilkumar. M (Senior Grade Auditor, On 04-07-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 29-06-2022)<br>Last Updated By: Kunjhikrishnan. K.C (Asst. Audit Officer, On 29-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 29-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022)<br>Last Updated By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Kunjhikrishnan. K.C (Asst. Audit Officer, On 28-06-2022)<br>Last Updated By: Priyesh M.K (Computer Assistant, On 28-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1, 23.03.2020 | 1/1, 15.02.2021 |
| മുന്നിരിപ്പ് | 1,83,67,977 | 19658959 |
| വരവ് | 61,08,76,744 | 47,19,12,150 |
| ആകെ | 62,92,44,721 | 49,15,71,109 |
| ചെലവ് | 62,48,54,199 | 48,71,88,367 |
| നീക്കിയിരിപ്പ് | 43,90,522 | 43,82,742 |

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ

കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ധനകാര്യ പത്രിക 24.09.2021-ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾ, കണക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധന തുടങ്ങിയ പ്രധാന നിരീക്ഷണങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

#### 1-2-2 ബാങ്ക് പാസ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

എസ്.ബി.ഐ ബാങ്ക് അക്കൗണ്ട് നം.50083 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 5,991/- രൂപയാണ്. ബാങ്ക് പാസ്സ് ബുക്ക് കാലികമാക്കാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. SBI -50083 (450210101) പാസ്ബുക്ക് പരിശോധനയ്ക്ക് നൽകുകയുണ്ടായില്ല.

#### 1-2-3 ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ.

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഗുണഭോക്തൃ വിഹിതം എന്ന കണക്കിൽ നിർവഹണ ഉദ്യോഗസ്ഥൻമാർ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് പഞ്ചായത്തിൽ അടച്ചതിന്റെയും അതിൽ നിന്നുള്ള ചെലവിന്റെയും കണക്കുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഉദ്പാദന മേഖലയിൽ കൃഷി ഓഫീസറും വെറ്റിനറി സർജനും നടപ്പിലാക്കിയ മിക്ക പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നു. ഈ തുക ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രോജക്ടുകളുടെ മൊത്തം ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തേണ്ടി വരുന്നു.

#### 1-2-4 മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് (ജി.ഒ.(ആർടി)നം. 4444/ 2020/ ഫിൻ, തിയതി 03.08.2020) ₹73,066/- രൂപ വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക 160100402-maintenenace Fund Non-road എന്ന വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ജി.ഒ. പ്രൊജക്ട് തയ്യാറാക്കി പ്രസ്തുത ചെലവ് സുലേഖയിൽ ക്രമീകരിച്ചിട്ടില്ല.

### 1-2-5 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകളുടെ അക്കൗണ്ടിംഗിലെ പോരായ്മകൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയും ക്യാഷ്ബുക്ക്, E.F.M.S. എന്നിവയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം F.T.O. തുക 14,60,56,573/- രൂപയാണ്,എന്നാൽ ക്യാഷ്ബുക്ക്, E.F.M.S. എന്നിവ പ്രകാരം 11,20,60,573/- രൂപയാണ്. 3,39,96,000/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-2-6 ബാലൻസ് ഷീറ്റിലെ മറ്റ് പ്രധാന അപാകതകൾ

1).2020-21 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ട്, ഇ-പെയ്മെന്റ് അക്കൗണ്ടുകൾ എന്നിവയിൽ വിവിധ ഗ്രാന്റുകളും ഫണ്ടുകളും അക്കൗണ്ട് ചെയ്തിട്ടുണ്ട്. (ഉദാ- ശുചിത്വമിഷൻ ഗ്രാന്റ്, സമഗ്ര ശിശുവികസന പദ്ധതി വിഹിതം എന്നിവ).എന്നാൽ മേൽ അക്കൗണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അതത് ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2).മുൻകൂർ നൽകിയ തുക (ബി-18-code.no- 460500501, 460500101) സമയബന്ധിതമായി ക്രമീകരിക്കാൻ നടപടിയില്ല.

3).ബാലൻസ് ഷീറ്റ് ബി-9 ൽ 350400501-Refundspayable-Grants And Funds- എന്ന ഹെഡിലുള്ള 22,57,060 രൂപ, 350400999-Refunds Of Unutilised Grants- Prior Period എന്ന ഹെഡിലുള്ള 5,66,556 രൂപ എന്നിവ വിവിധ ഏജൻസികളിൽ നിന്നും തിരികെ ലഭിച്ച തുകകളാണ്. എന്നാൽ ചെലവഴിക്കാതെ കിടക്കുന്ന ഈ തുകകൾ ബാലൻസ് ഷീറ്റ് ബി-9 ൽ തന്നെ വർഷങ്ങളായി നിലനിർത്തികാണുന്നു.

### 1-2-7 സാംഖ്യ-ILGMS പോർട്ടിംഗ്

കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ ILGMS അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയത് 05/10/2020മുതലാണ്. 01/04/2020മുതൽ 05/10/2020 വരെയുള്ള കണക്കുകൾ സാംഖ്യയിൽ തയ്യാറാക്കിയത് Past Data Entry ( PDE ) വഴി 05/10/2020 ൽ ILGMS ലേക്ക് ഇന്റഗ്രേറ്റ് ചെയ്ത് 01.04.2020 മുതൽ 31.03.2021 വരെയുള്ള സാമ്പത്തിക വർഷത്തെ വരവ്-ചെലവുകൾ ഉൾകൊള്ളുന്ന വാർഷിക ധനകാര്യപ്പത്രിക തയ്യാറാക്കിയിട്ടുണ്ട്. ഈ വാർഷിക ധനകാര്യപ്പത്രികയിൽ 31.03.2020 ലെ ബാലൻസ് ഷീറ്റിലെ ബാലൻസ് തുകകൾ 01.04.2020 ലെ ILGMS ഓപ്പണിംഗ് ബാലൻസിലേക്ക് കൊണ്ടുവന്നപ്പോൾ ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ കൂട്ടിച്ചേർക്കപ്പെടുകയും, ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ വിഭജിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കൂട്ടിച്ചേർക്കപ്പെടുകയും, വിഭജിക്കപ്പെടുകയും ചെയ്ത അക്കൗണ്ട് ഹെഡുകളിലെ ആകെ തുകയും, സാംഖ്യവഴി മുൻ ബാലൻസ് ഷീറ്റിൽ ഉണ്ടായിരുന്ന ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. ഇപ്രകാരം തയ്യാറാക്കിയ വാർഷിക ധനകാര്യപ്പത്രിക 24/09/2021 ൽ ഓഡിറ്റിനായി സമർപ്പിക്കപ്പെട്ടതും, ഓഡിറ്റ് വേളയിൽ ഓൺലൈനായി വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച വേളയിൽ താഴെപ്പറയുന്ന വ്യത്യാസങ്ങൾ കാണുന്നു.

A. സാംഖ്യയിൽ ഓരോ ബാങ്ക് / ട്രഷറി അക്കൗണ്ടിനും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട്സ് ട്രയൽ ബാലൻസിൽ രേഖപ്പെടുത്തപ്പെട്ടിരുന്നു. എന്നാൽ ILGMS-മുഖേന തയ്യാറാക്കിയിരിക്കുന്ന വാർഷിക ധനകാര്യപ്പത്രികയിലെ ട്രയൽ ബാലൻസിൽ താഴെപ്പറയുന്ന പ്രകാരം ബാങ്ക്/ ട്രഷറി എന്നിവയ്ക്കായി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് മാത്രമേ ഉള്ളൂ.

| | |
|---|---|
| 450 210 101 | Nationalised Bank Account For Own Fund Revenue Fund |
| 450 210 102 | Co-Operative Bank Account For Own Fund Revenue Fund |
| 450 210 104 | Treasury Accounts For Traditional Functions Fund |

ഇപ്രകാരം തനത് ഫണ്ട് അക്കൗണ്ടുകൾക്കെല്ലാം കൂടി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ട്രാൻസ് സാക്ഷൻ ഡീറ്റയിൽസ് ട്രയൽ ബാലൻസിലൂടെ പരിശോധിക്കാനാവുന്നില്ല. അതേസമയം ട്രഷറി അക്കൗണ്ടുകൾക്ക് തരം തിരിച്ച് ഹെഡ് ഓഫ് അക്കൗണ്ട്സ് നല്കിയിട്ടുമുണ്ട്.

B. സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ ( Birth & Death And Marriage Registration ), സാംഖ്യ ( ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ ( വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽ Real Time Mapping നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

C. സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, പേമെന്റ് വൗച്ചർ ലിസ്റ്റ് എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ വൗച്ചർ സെർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിൽ ബിൽ രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ വൗച്ചർ സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വൗച്ചറുകളുടെ തുടർച്ച പരിശോധനവിധേയമാക്കാൻ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഉദാഹരണത്തിന് 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് വരെയുള്ള വൗച്ചറുകളുടെ തുടർച്ചയായ പരിശോധന സാധ്യമാകുന്ന തരത്തിൽ ഒരു ബിൽ രജിസ്റ്ററോ, പേയ് മെന്റ് വൗച്ചർ ലിസ്റ്റോ ഇപ്പോൾ ILGMSൽ ലഭ്യമല്ല.

D. അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ILGM-ൽ ഓഡിറ്റ് പിരീഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

E. തൊഴിൽ നികുതി, വാടക , ലൈസൻസ് എന്നിവയുടെ ഡിമാന്റ് ഇപ്പോഴും മാനുവൽ രജിസ്റ്റർ പ്രകാരം തന്നെയാണ് തയ്യാറാക്കുന്നത്. ILGMSൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ചേർത്താൽ മാത്രമേ എല്ലാ വരവിനങ്ങളുടെയും കൃത്യമായ ഡിമാന്റ് കളക്ഷൻ- ബാലൻസ് സ്റ്റേറ്റ് മെന്റ് പരിശോധിക്കാനാവൂ. സഞ്ചയ ആപ്ലിക്കേഷനിൽ ഡിമാന്റിലുള്ള വ്യത്യാസം ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി ക്രമീകരിക്കുന്ന പ്രക്രിയ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

F. അസറ്റ് രജിസ്റ്റർ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ അസറ്റുകളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമേ വാർഷികധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിലെ B-11 (A) ഷെഡ്യൂൾ പ്രകാരം ചേർത്തിരിക്കുന്ന Accumulated Depreciation എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നത്.

G. ILGMS നിലവിൽ വന്ന തീയതി മുതൽ പഞ്ചായത്തിന്റെ ഭരണ- എസ്റ്റാബ്ലിഷ് മെന്റ് - പ്രവർത്തനച്ചെലവുകളും എല്ലാ ചെലവുകളും “ Amount Payble To Other Creditors” എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് (350 109 999) പോസ്റ്റ് ചെയ്യപ്പെടുന്നത്. ആയതിനാൽ അതിനുശേഷമുള്ള തൻവർഷ റവന്യൂ ചെലവുകൾ ഇൻകം & എക്സ് പെൻഡിച്ചർ പത്രികയിൽ മാത്രമേ പ്രതിഫലിക്കുകയുള്ളൂ. 01.04.2020 മുതൽ ILGMS നിലവിൽ വന്ന തീയതിവരെയുള്ള ചെലവുകളാണ് റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളുകളിൽ പ്രതിഫലിക്കുന്നത്.

H. തൻ വർഷം വിവിധ വർക്കുകൾക്കായി അഡ്വാൻസ് ഇനത്തിൽ 71,000/-രൂപ കെ.എസ്.ഇ.ബിയ്ക്കും 27,59,309 രൂപ കേരള വാട്ടർ അതോറിറ്റിക്കും നൽകിട്ടുണ്ടെങ്കിലും RP-49 ൽ ബന്ധപ്പെട്ട ഹെഡിൽ ( 460500202, 460500201) അക്കൗണ്ട് ചെയ്തിട്ടില്ല.

I. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സീറ്റ് - റോൾ - മൈനർ മാപ്പിംഗ് ഐ.എൽ.ജി.എം.എസിൽ നടത്തിയിട്ടില്ല.

J. സാംഖ്യയിലേയും ഐ എൽ ജി എം എസ്-ലേയും RP ഷെഡ്യൂളുകളിൽ വ്യത്യാസം കാണുന്നു.

| Schedule | Sankhya | ILGMS |
|---|---|---|
| Earmarked Funds | RP- 29 | RP- 28 |
| Grants, Funds & Contributions For Specific Purposes | RP- 31 | RP- 30 |

| | | |
|---|---|---|
| Secured Loans | RP- 32 | RP- 31 |
| Deposits Received | RP- 34 | RP- 33 |
| Other Liabilities | RP- 36 | RP- 35 |
| Sundry Debtors (Receivables) | RP- 43 | RP- 45 |
| Establishment Expenses | RP- 11 | RP- 12 |
| Administrative Expenses | RP- 12 | RP- 13 |
| Operations & Maintenance | RP- 13 | RP- 14 |
| Loans, Advances & Deposits | RP- 47 | RP- 49 |

K. സാഖ്യയിൽ ഉൾപ്പെട്ട ആസ്തികൾ ILGMSലേയ്ക്ക് പോർട്ട് ചെയ്യപ്പോൾ ഉല്പാദനം, സേവനം, പശ്ചാത്തലം, മറ്റ് ആസ്തികൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ആസ്തികൾ തരംതിരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

L. B-9ഷെഡ്യൂളിൽ ഉൾപ്പെടേണ്ടിയിരുന്ന മറ്റ് ലൈബിലിറ്റികൾ എന്ന ഇനം B-4ഷെഡ്യൂളിൽ 320100999 എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

M. ഒരേ ഇനത്തിന് വ്യത്യസ്ത കോഡുകൾ നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കോഡ് (മുൻ വർഷം) | ഇനം | പുതിതായി(2020-21) രേഖപ്പെടുത്തിയിട്ടുള്ള കോഡ് | ഇനം | റിമാർക്ക്സ് |
|---|---|---|---|---|
| 140400108 | Correction Fee- Marriage Reristration (Common) Rule 2008 | 140120199 | Fee For Correction In Marriage Register (Except Clerical Error) + Issue Of Certificate | Different Codes For Same Item |
| | | 140130113 | Fee For Correction In Marriage Register (Except Clerical Error) + Issue Of Certificate | |

N.സാംഖ്യയിൽ Non Availability Certificate എന്ന ഇനം ഉൾപ്പെടുത്തിയ കോഡ് ഐ.എൽ.ജി.എം.എസിൽ വ്യത്യസ്ത ഇനമായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കോഡ് (മുൻ വർഷം) | ഇനം | പുതിതായി (2020-21) രേഖപ്പെടുത്തിയിട്ടുള്ള കോഡ് | ഇനം | റിമാർക്ക്സ് |
|---|---|---|---|---|
| 140130105 | Fee For Non Availability Certificate | 140130105 | Fee For Name Inclusion Of Those Who Didnot Join | Same Head But Different Item |

| | | | | |
|---|---|---|---|---|
| | | | School + Certificate Issue | |

O. സാംഖ്യയിൽ വ്യത്യസ്ത ഇനത്തിൽ രേഖപ്പെടുത്തിയിരുന്ന തുകകൾ ഐ.എൽ.ജി.എം.എസിൽ ഒരു ഇനത്തിലായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><td>410100199<br>B-11</td><td>LAND-OTHERS</td><td rowspan="3">415120101<br>B-11 (E)</td><td rowspan="3">OTHER BUILDINGS - LAND</td></tr>
<tr><td>410200104<br>B-11</td><td>BUILDINGS- BURIAL GROUNDS</td></tr>
<tr><td>410200199<br>B-11</td><td>BUILDING - OTHERS</td></tr>
<tr><td>410300101<br>B-11</td><td>ROADS- CEMENT CONCRETE</td><td rowspan="2">415110001<br>B-11 (E)</td><td rowspan="2">ROADS - NEW ROADS</td></tr>
<tr><td>410300104<br>B-11</td><td>ROADS - GRAVEL</td></tr>
<tr><td>410710101<br>B-11</td><td>MOVABLE ASSETS - PLANT, MACHINERY AND TOOLS</td><td rowspan="2">41512008<br>B-11 (E)</td><td rowspan="2">LOCAL SELF GOVERNMENT INSTITUTIONS OFFICER BUILDING – EQUIPMENTS</td></tr>
<tr><td>410710103<br>B-11</td><td>MOVABLE ASSETS - OFFICE EQUIPMENTS & OTHER EQUIPMENTS</td></tr>
<tr><td>410710199<br>B-11</td><td>MOVABLE ASSETS- OTHERS</td><td rowspan="2">410800101<br>B-11</td><td rowspan="2">OTHER FIXED ASSETS</td></tr>
<tr><td>410800101<br>B-11</td><td>OTHER FIXED ASSET</td></tr>
</table>

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 4,30,74,181 |
| വരവ് | 12,38,78,485.50 |
| ആകെ | 16,69,52,666.50 |
| ചെലവ് | 13,50,01,847 |
| നീക്കിയിരിപ്പ് | 3,19,50,819.50 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ)ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ) (2020-2021 )

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,60,21,250 | 2,60,21,250 | 2,57,33,385 | 2,87,865 | 98.89 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4,60,000 | 4,60,000 | 3,05,000 | 1,55,000 | 66.30 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,88,25,499 | 1,88,25,499 | 1,51,02,355 | 37,23,144 | 80.22 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3,46,39,000 | 3,46,39,000 | 1,36,99,570 | 2,09,39,430 | 39.54 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 72,24,000 | 72,24,000 | 37,09,642 | 35,14,358 | 51.35 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 2,24,18,131 | 2,24,18,131 | 71,58,515 | 1,52,59,616 | 31.93 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 1,01,50,000 | 1,01,50,000 | 34,21,309 | 67,28,691 | 33.70 |

(വികസന ഫണ്ട് ജനറൽ (₹34,34,852/-), സംരക്ഷണ ഗ്രാന്റ് നോൺ റോഡ് (₹73,066/-), വികസന ഫണ്ട് ടി.എസ്.പി(₹13,76,862/-) എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറച്ച തുകകൾ മേൽപട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്)

ബി)ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,22,98,533 | 2,22,98,533 | 2,22,98,533 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3,05,000 | 3,05,000 | 3,05,000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,37,25,493 | 1,37,25,493 | 1,37,25,493 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,36,99,570 | 1,36,99,570 | 1,36,99,570 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 36,36,576 | 36,36,576 | 36,36,576 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 34,21,309 | 34,21,309 | 34,21,309 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 71,58,515 | 71,58,515 | 71,58,515 | 0 |
| ബി ഫണ്ട് | 0 | 7,12,67,500 | 7,12,67,500 | 7,12,67,500 | 0 |
| തൊഴിൽ രഹിത വേതനം | 0 | - | - | - | 0 |
| വിവാഹധനസഹായം | 0 | 5,10,000 | 5,10,000 | 5,10,000 | 0 |
| നെൽ ഉല്പാദക ബോണസ്സ് | 0 | 40,000 | 40,000 | 40,000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 7,72,000 | 7,72,000 | 7,72,000 | 0 |
| ട്രഷറി അക്കൗണ്ട് | | | | | |

| | | | | | |
|---|---|---|---|---|---|
| ട്രഷറി TSB - ജനറൽ പർപ്പസ് | 1,97,89,166 | 1,58,71,831 | 3,56,60,997 | 3,46,60,997 | 10,00,000 |
| TSB സംയുക്ത പദ്ധതി | 20,39,449 | 0 | 20,39,449 | 10,39,449 | 10,00,000 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2020-21 വർഷം 1,58,71,831/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും മാത്രമുള്ള ചെലവ് കണക്കാക്കുവാൻ സാധിച്ചിട്ടില്ല.

2)വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 9,91,33,300/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 297 | 290347420 | 175 | 104113860 | - | 122 | 35.85 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 44 | 19097058 | 29 | 11080604 | 58.02 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 17 | 10187213 | 13 | 7638319 | 74.97 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 142 | 164127304 | 55 | 24307517 | 14.81 |
| 4 | കൃഷി ഓഫീസർ | 20 | 13822000 | 20 | 9493920 | 68.68 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബേളൂർ സർക്കിൾ) | 11 | 19263161 | 11 | 15345788 | 79.66 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തായന്നൂർ സർക്കിൾ) | 16 | 30578147 | 12 | 17655000 | 57.73 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 10542179 | 9 | 7728447 | 73.30 |
| 8 | വെറ്ററിനറി സർജ്ജൻ | 10 | 10225600 | 7 | 3105300 | 30.36 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 1 | 700000 | 1 | 700000 | 100 |
| 10 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി. | 6 | 2190880 | 6 | 2052301 | 93.67 |
| 11 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 2 | 450000 | 2 | 440000 | 97.77 |
| 12 | പ്രധാനാധ്യാപകൻ | 11 | 2924518 | 9 | 2461304 | 84.16 |
| 13 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 2105360 | 1 | 2105360 | 100 |
| 14 | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 4134000 | 0 | 0 | 0 |
| | ആകെ | 297 | 290347420 | 175 | 104113860 | 35.85 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 84165 | 1727747 | 1811912 | 1770943 | 40969 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 112790573 | 112790573 | 112790573 | - |
| ആകെ | 84165 | 114518320 | 114602485 | 114561516 | 40969 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 703 പദ്ധതികളുൾപ്പെടുന്ന 34,25,86,550 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 1298 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 308748 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ നൂറുദിനം തൊഴിൽ ദിനം ലഭിച്ച 730 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 92,30,700 | 2850 |
| വിധവാപെൻഷൻ | 3,03,95,300 | 8896 |
| വാർദ്ധക്യകാലപെൻഷൻ | 4,75,05,700 | 14600 |
| വികലാംഗപെൻഷൻ | 1,01,08,900 | 3076 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള | 13,82,700 | 421 |

| | | |
|---|---|---|
| വനിതകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 5,10,000 | 17 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/06/2022 തീയ്യതിയിൽ 2.45 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യാഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തകയുണ്ടായി. ക്യാഷ് ബാലൻസായ 1126/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്..

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ്ഡി ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 4 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 9 | ഡ്രൈവർ | 1 |

08.01.2018ലെഉത്തരവ് നം എ-2/1/2018/എസ്.സി2പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ചു നൽകുമ്പോൾ സോഫ്റ്റ്വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സമ്പന്ധിച്ച് പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 23 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 16 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. 3/2020ലെ വരവ് ചെലവ് കണക്കുകൾ 17.04.2020ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും 8/2020ലെവരവ് ചെലവ് കണക്കുകൾ 11.09.2020ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലുമാണ് അവതരിപ്പിച്ചത്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരെക്കൂടി പങ്കെടുപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021സാമ്പത്തിക വർഷം 4 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

### കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ

സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല. ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയും ക്യാഷ്ബുക്ക്, E.F.M.S. എന്നിവയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ ILGMS അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയത് 05/10/2020മുതലാണ്. 01/04/2020മുതൽ 05/10/2020 വരെയുള്ള കണക്കുകൾ Past Data Entry ( PDE ) ചെയ്തപ്പോൾ അക്കൗണ്ട് ഹെഡുകളിൽ നിരവധി വ്യത്യാസങ്ങൾ കാണുന്നു.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൌണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്.

ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട്. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 100% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.

ഗ്രമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-2021 വർഷത്തിൽ ആകെ 2 തവണ യോഗം ചേർന്നിട്ടുണ്ട്. സാധന സാമഗ്രികളുടെ

സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ഇൻകുബൻസി രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. കൂടാതെ ലോൺരജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റായ ശ്രീ. മുഹമ്മദ് ഇഖ്ബാലിന്റെ ശമ്പളം ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 പ്രകാരം നിർണ്ണയിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുംഅംഗീകാരം വാങ്ങിയിട്ടില്ല.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓരോ സെക്ഷനും പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ആയത് എല്ലാ മാസവും മേലധികാരിക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ് എന്ന് നിർദ്ദേശ്ക്കുന്നുണ്ട്. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി

ജി.ഒ(എം.എസ്).144/15/തസ്വഭവ,തീ.27.04.2015,ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

2019-20 ലെ കെ.എസ്.എ/കെ.എസ്.ഡി/11/204/2022, 24.03.2022 റിപ്പോർട്ടിലെ ഖണ്ഡിക 1-12 ൽ ഉൾപ്പെട്ടിട്ടുള്ള 147 പേരുടേയും ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നിലവിലും നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.
മേൽ വിഷയത്തിന് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 100 ച.മീറ്ററിനു മുകളിലുള്ള ചുവടെ പറയുന്ന കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

100 ച.മീറ്ററിനു മുകളിലുള്ള ചുവടെ പറയുന്ന കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 1/345 | 101 |

| | | |
|---|---|---|
| 2 | 1/344 | 101 |
| 3 | 1/346 | 101 |
| 4 | 1/347 | 101 |
| 5 | 1/348 | 101 |
| 6 | 1/349 | 101 |
| 7 | 1/568 | 160 |
| 8 | 1/636N | 110.38 |
| 9 | 2/1 | 200 |
| 10 | 2/2 | 200 |
| 11 | 2/3 | 200 |
| 12 | 2/6 | 200 |
| 13 | 2/12 | 200 |
| 14 | 2/435K | 185 |
| 15 | 2/435L | 108 |
| 16 | 4/176 | 162 |
| 17 | 4/177 | 162 |
| 18 | 5/438 | 110.65 |
| 19 | 6/472 | 140 |
| 20 | 6/481 | 120 |
| 21 | 12/337 | 155 |
| 22 | 14/448 | 134.54 |
| 23 | 15/240 | 276 |
| 24 | 15/255A | 127.63 |
| 25 | 18/587A | 105 |
| 26 | 19/371 | 215 |

ഇത്തരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനുള്ള കാരണം വിശദമാക്കുന്നതിനും, ഇവയുടെ നികുതി നിർണ്ണയിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/ 28.06.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശത്തിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 രസീത് ബുക്ക് പ്രകാരം വസ്തു നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയേക്കാൾ കുറഞ്ഞ തുക സഞ്ചയയിൽ ഒടുക്കിയിരിക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ ചുവടെ പറയുന്ന രസീത് ബുക്ക് പ്രകാരം വസ്തു നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയേക്കാൾ കുറഞ്ഞ തുക സഞ്ചയയിൽ ഒടുക്കിയിരിക്കുന്നു.

| ക്രമ നമ്പർ | ബുക്ക് നമ്പർ | രസീത് നമ്പർ | ആകെ നികുതി (പിഴപലിശ, നോട്ടീസ് ഫീ ഉൾപ്പെടെ) | വസ്തുനികുതി ഇനത്തിൽ വരവ് വയ്ക്കേണ്ടതുക | സഞ്ചയയിൽ വരവ് വച്ച തുക | കുറവു വന്ന തുക |
|---|---|---|---|---|---|---|
| 1 | 6827 | 6 | 207 (Nf- 10) | 197 | 100 | 97 |
| 3 | 6827 | 32 | 15 | 15 | 12 | 3 |
| 5 | 6824 | 78 | 193 (Nf-10) | 183 | 0 | തുക ഒടുക്കവരുത്തിയിട്ടില്ല |
| 6 | 7874 | 50 | 118 (Nf-2) | 116 | 0 | തുക ഒടുക്കവരുത്തിയിട്ടില്ല |
| 7 | 6820 | 35 | 374 (Nf-10) | 364 | 274 | 90 |
| 8 | 6825 | 1 | 260 (നോട്ടീസ് ഫീസ് - 10) | 250 | 198 | 52 |
| 9 | 6825 | 82 | 395 (നോട്ടീസ് ഫീസ് - 10) | 385 | 375 | 10 |
| 10 | 6821 | 21 | 29 | 29 | 14 | 15 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/28.06.2022, 16/ 01.07.2022 എന്നിവയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവു തുക ഒടുക്കിയതിനുള്ള വിശദീകരണവും കുറവുവന്ന തുക ഏതു ഇനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നതു സംബന്ധിച്ച വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

1-13 വൃദ്ധർക്ക് കട്ടിൽ - ജനറൽ - രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 497860/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 223/21 - വൃദ്ധർക്ക് കട്ടിൽ - ജനറൽ |

| | |
|---|---|
| അടങ്കൽ | വി.ഫ (ജനറൽ) - 497860/- |
| ചെലവ്<br>വി.ഫ (ജനറൽ) - 497860/- | ബിൽ നമ്പർ: 20200952004600029922 ; തീയതി: 11/06/2020 ; തുക: 497860/- |
| നിർവ്വഹണ ഉദ്യാഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 115 പേർക്ക് മേൽ പദ്ധതി പ്രകാരം കട്ടിൽ നൽകിയിട്ടുണ്ട്. ഇതിനായി കാഡ്കോയ്ക്ക് 497860/- രൂപ 11/06/2020 ലെ ബിൽ നമ്പർ 20200952004600029922 പ്രകാരം അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുകയ്ക്കുള്ള കാഡ്കോയിൽ നിന്നുള്ള എസ്റ്റിമേറ്റ് / ക്വട്ടേഷൻ, ടാക്സ് ഇൻവോയിസ് , സാക്ഷ്യപത്രം, കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/30.06.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 497860/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-14 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് /ബത്ത - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 81/21 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കാളർഷിപ്പ് / ബത്ത - പൊതുവിഭാഗം |
| അടങ്കൽ | വി.ഫ (ജനറൽ) - 1000000/-<br>ബ്ലാക്ക് പഞ്ചായത്ത് വിഹിതം - 500000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 500000/- |
| ചെലവ്<br>വി.ഫ (ജനറൽ) - 1000000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 326800/- | (see bill table below) |
| നിർവ്വഹണ ഉദ്യാഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 20200952004600615616 | 28/10/2020 | 458000/- |
| 20200952004600615618 | 28/10/2020 | 136800/- |
| 20200952004600944555 | 18/01/2021 | 405200/- |
| 20200952004600955901 | 18/01/2021 | 326800/- |

ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെ 10/10/2020 ലെ 2.5 തീരുമാനപ്രകാരം അംഗീകരിച്ച 68 ഗുണഭോക്താകൾക്ക് ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ച് തുക വിതരണം ചെയ്തിട്ടുണ്ട്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്നവയ്ക്കുള്ള വിശദാംശം / രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1) ആനുകൂല്യം വിതരണം ചെയ്തതിൽ ചുവടെ പറയുന്നവരുടെ അക്കൗണ്ടിൽ അധികമായി തുക നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | പേര് | അക്കൗണ്ട് നമ്പർ | ഐ.എഫ്.എസ് കോഡ് | തുക |
|---|---|---|---|---|
| 1 | ഡെല്ല മരിയ | 40432101019999 | KLGB0040432 | 3600 |
| | | | | 5200 |
| | | | | 5200 |
| 2 | ഷഹാൻ റിയാസ് അബ്ദുള്ള | 40438100013002 | KLGB0040438 | 12000 |
| | | | | 15500 |
| | | | | 15500 |

ഇതിൽ ഡെല്ലമരിയയുടെ അക്കൗണ്ടിൽ നൽകിയിട്ടുള്ള 3600/- രൂപ അഭിജിത്ത് എന്ന കുട്ടിയുടേതായതിനാൽ ഈ തുക അക്കൗണ്ടിൽ നിന്നും പിൻവലിച്ച് മയ്യങ്ങാനം അംഗൻവാടി വർക്കറായ ബിന്ദു.ടി.ടി യുടെ കൈവശം ഏൽപിച്ചിട്ടുള്ളതായി 4/11/2020 ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ തുക അഭിജിത്ത് എന്ന വിദ്യാർത്ഥിക്ക കൈമാറിയതിന്റെ രേഖകൾ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഷഹാൻ റിയാസ് അബ്ദുള്ള എന്ന വിദ്യാർത്ഥിക്ക് അധികമായി തുക നൽകിയതിനുള്ള കാരണവും വിശദമാക്കേണ്ടതുമാണ്.

2) ആനുകൂല്യം രണ്ടു തവണയായിട്ടാണ് നൽകിയിട്ടുള്ളതായി കാണുന്നത് . എന്നാൽ ചുവടെ പറയുന്ന വിദ്യാർത്ഥിക്ക് 3 തവണയും മറ്റുള്ളവർക്ക് ഒരു തവണ മാത്രവും നൽകിയതായി കാണുന്നു.

| പേര് | അക്കൗണ്ട് നമ്പർ | ഐ.എഫ്.എസ് കോഡ് | തുക | |
|---|---|---|---|---|
| 1 | അശ്വതി സുരേഷ് | 40437100010034 | KLGB0040437 | 5200 |
| | | | | 2800 |
| | | | | 2800 |
| 2 | ജോബിൻ ടി.ജെ | 40432100004356 | KLGB0040432 | 12000 |
| 3 | മുഹമ്മദ് ഷഹനാദ് | 110001000010244 | IOBA0001100 | 12000 |

മേൽ പ്രകാരം തുക വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/ 30.06.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശത്തിനുള്ള വിശദീകരണം തുടർ നടപടി വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-15 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു.

2020, 2021 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായും കാണുകയുണ്ടായി (2020, 2021 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ, 2020, 2021 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.) സ. ഉ. (എം എസ്)483/17/ധന/06.11.17 ല XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതുമാണ്

സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചുവടെ ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | | | മാസം | അനുവദിച്ച തുക |
| 1 | സരസ്വതി.പി (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 787251605487 | 112000600209 | 15.12.2021 | ഡിസംബർ-2021 | 1,600 |
| | | | | | ജനുവരി-2022 | 1,600 |
| | | | | | ഫെബ്രുവരി-2022 | 1,600 |
| | | | | | മാർച്ച്-2022 | 1,600 |
| | | | | | ഏപ്രിൽ-2022 | 1,600 |
| | | | | | മെയ്-2022 | 1,600 |
| 2 | വാസു.എം (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 822241462797 | 112110202293 | 17.01.2021 | ജനുവരി-2021 | 1,500 |
| | | | | | ഫെബ്രുവരി-2021 | 1,500 |
| | | | | | മാർച്ച്-2021 | 1,500 |
| | | | | | ഏപ്രിൽ-2021 | 1,600 |
| | | | | | ആകെ | 15,700 |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാതു മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13) മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.06/28.06.2022) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 15,700/-രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 2020, 2021 വർഷങ്ങളിൽ ഡെത്ത് രജിസ്ട്രേഷൻ രജിസ്റ്ററിൽ 282 മരണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡെത്ത് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ സേവന പെൻഷൻ വിവരങ്ങളുമായി ഒത്തു നോക്കി, ഇപ്രകാരമുള്ള ആരെങ്കിലും പെൻഷൻ വാങ്ങിക്കൊണ്ടിരുന്നവരായിരുന്നുവെങ്കിൽ എത്രയും വേഗം പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതും, മരണപ്പെട്ട ശേഷവും പ്രസ്തുത ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് എത്രയും വേഗം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-16 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തികരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,

പൂർത്തീകരിക്കാ ത്ത ഭവനങ്ങൾ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (രണ്ടാം ഘട്ടം) ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 39 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.(യൂണിറ്റ് നിരക്ക് ജനറൽ ₹4,00,000/- എസ്.ടി ₹6,00,000/)

തായന്നൂർ സർക്കിൾ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്<br>എസ്.ടി ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കാരിച്ചി.കെ, കാടംമൂല | 5,50,000 | മേൽകൂര |
| 2 | ചിറ്റ, കുഴിക്കോൽ | 5,00,000 | മേൽകൂര |
| 3 | വെള്ളച്ചി,കാടംമൂല | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 4 | രവി.കെ,കാലിച്ചാംപ്പാറ | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 5 | നാരായണി.കെ,കൊട്ടപ്പാറ | 4,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 6 | നാരായണൻ.കെ,സർക്കാരി | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 7 | സുരേഷ്.പി,ഉമ്പക്കുന്ന് | 3,80,000 | മേൽകൂര |
| 8 | നിർമ്മല.എ,പനയാർക്കുന്ന് | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 9 | ഉണ്ടച്ചി,കല്ലുവളപ്പ് | 4,00,000 | മേൽകൂര |
| 10 | സുമതി.ആർ,സർക്കാരി | 5,00,000 | മേൽകൂര |
| 11 | ചന്ദ്രൻ.എൻ,കുറ്റിപുളി | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 12 | ചിന്താമണി,ബാനം മൂലയിൽ | 5,00,000 | മേൽകൂര |
| 13 | മാധവൻ.എം, ക്ലായിക്കോട് | 4,80,000 | മേൽകൂര |
| 14 | കുമ്പ, മുരിക്കീർ | 5,00,000 | മേൽകൂര |

| | | | |
|---|---|---|---|
| 15 | ഉഷ.സി, പാറക്കടവ് | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 16 | കല്യാണി,പൊയ്യളം | 4,00,000 | മേൽകൂര |
| 17 | കൊട്ടൻ.കെ,കൊടക്കൽ വീട് | 4,80,000 | മേൽകൂര |
| 18 | പുഷ്പ.എം, വലിയടുക്കം | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 19 | ജയശ്രീ.എം,പറക്കളായി | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 20 | ബാബു.കെ,കോളിയാർ | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 21 | പ്രദീപ്.കെ,കൊടക്കൽ | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 22 | ലത.ബി,അയ്യങ്കാവ് | 4,00,000 | മേൽകൂര |
| 23 | മനേഷ്.കെ,കാലിച്ചാംപാറ | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 24 | ശാലിനി.ക്ലീനിപ്പാറ | 2,80,000 | ലിന്റൽ |
| 25 | ലത.പി,എട്ടുപൊതിപ്പാട് | 4,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 26 | രോഹിണി,പനങ്ങാട് | 4,80,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 27 | സുമ,കോളിയാർ | 5,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| | ജനറൽ ഗുണഭോക്താക്കൾ | | |
| 28 | കാർത്ത്യായണി,കോളിയാർ | 4,00,000 | മേൽകൂര |
| 29 | ശോഭന.കെ, | 4,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 30 | രാജൻ.കെ.വി,കല്ലുവളപ്പ് | 4,00,000 | മേൽകൂര |
| 31 | രമണി,മുരിക്കീർ | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 32 | കല്ല്യാണി,സർക്കാരി | 3,80,000 | മേൽകൂര |
| 33 | ജയേഷ്,കോളിയാർ | 4,00,000 | മേൽകൂര |

ബേളൂർ സർക്കിൾ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| | എസ്.ടി ഗുണഭോക്താക്കൾ | | |
| 1 | നാരായണി.പി,കോടോത്ത് | 5,00,000 | മേൽകൂര |
| 2 | കാരിച്ചി,ചെമ്പൻ, ഉദയപുരം | 5,00,000 | മേൽകൂര |
| 3 | രോഹിണി.ബി, | 5,00,000 | മേൽകൂര |
| 4 | ചിറ്റ, കാലിക്കടവ് | 5,00,000 | മേൽകൂര |
| 5 | കുമ്പ, | 5,00,000 | മേൽകൂര |
| 6 | കാരിച്ചി മുളിയാർ, | 5,00,000 | മേൽകൂര |

വീട് റിപ്പയർ - ജനറൽ (2019-20, 2020-21)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|---|
| 1 | തോമസ്.പി.ജെ,പള്ളിച്ചിറ | 50,000 | 25,000 |
| 2 | ആലീസ് വർഗ്ഗീസ്,എണ്ണപ്പാറ | 50,000 | 25,000 |
| 2 | ശ്യാമള.ടി.വി, താഴത്തുവീട്, ആലത്തടി | 37,500 | 37,500 |

വീട് റിപ്പയർ - എസ്.ടി (2020-21)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|---|
| 1 | ചിരുത.കെ,മൂലപ്പാറ | 75,000 | 75,000 |
| 2 | ശ്രീന.കെ, തായന്നൂർ | 75,000 | 75,000 |

ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. (29.06.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.08)

1-17 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത്

തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | എഫ്.ടി.ഒ. നമ്പർ & തിയതി | ഈടാക്കേണ്ട GST | ഈടാക്കേണ്ട IT |
|---|---|---|---|---|---|---|
| 1 | പാറക്കടവ് കാലിച്ചാംപാറ റോഡ് സോളിംഗ് | ഉദയപുരം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1,03,632.54 | 581048/ 17.02.2020 | - | 2,073 |
| 2 | ചിറ്റിക്കോട് കൽവർട്ട് നിർമ്മാണം | മാത്യു പി. ആന്റണി | 1,97,792.64 | 969346/ 30.03.2021 | - | 1,978 |
| 3 | ചിറ്റിക്കോട് വേങ്ങച്ചേരി റോഡ് സോളിംഗ് | മാത്യു പി. ആന്റണി | 1,55,225 | 969293/ 30.03.2021 | - | 1,552 |
| 4 | കയ്യുള്ളമൂല ചെരളം നേരോത്ത് റോഡ് സോളിംഗ് | മാത്യു പി. ആന്റണി | 2,19,587 | 969122/ 30.03.2021 | - | 2,196 |
| 5 | കമലപ്ലാവ് ചെറളം റോഡ് -റോഡ് സൈഡ് പ്രൊട്ടക്ഷൻ | മാഹിൻ.എം | 1,55,620 | 969275/ 30.03.2021 | - | 1,556 |
| | | | 1,25,500 | 936075/ 26.03.2021 | - | 1,255 |
| 5 | കോട്ടപ്പാറ ഇടപ്പുഴ റോഡ് സോളിംഗ് | മാത്യു പി. ആന്റണി | 1,19,348 | 981359/ 31.03.2021 | - | 1193 |
| 6 | കുളിക്കുന്നകുണ്ട് മാണിയൂർ റോഡ് സോളിംഗ് | മാത്യു പി. ആന്റണി | 2,09,040 | 936044/ 26.03.2021 | - | 2,090 |
| 7 | ഒടച്ചാനടുക്കം മാണിയൂർ റോഡ് സോളിംഗ് | മാഹിൻ.എം | 2,08,680 | 96262/ 30.03.2021 | - | 2,086 |
| 8 | ക്ലായി പൊടവടുക്കം - കാഞ്ഞിരടുക്കം റോഡ് | അനന്തൻ.ടി | 2,07,408 | 902017/ 21.03.2021 | - | 2,074 |

| | | | | | | |
|---|---|---|---|---|---|---|
| | സോളിംഗ് | | | | | |
| 9 | അയറോട്ട് അങ്കൺവാടി ചുറ്റുമതിൽ നിർമ്മാണം | കൊട്ടൻ.കെ | 36,750 | 981384/ 31.03.2021 | - | 368 |
| 10 | സർക്കാരി കുഴിക്കോൽ പാത്തിക്കര റോഡ് സോളിംഗ് | മാത്യു പി. ആന്റണി | 2,19,587 | 969122/ 30.03.2021 | - | 2,196 |
| 11 | കുതിരക്കല്ല്-മാവില കോളനി നടപ്പാത കോൺക്രീറ്റ് | ഉദയപുരം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1,40,496.78 | 968818/ 30.03.2021 | - | 2,810 |
| | | | 1,32,400 | 968833/ 30.03.2021 | - | 2648 |
| 12 | ചെറുവാനം പിണ്ടംവെക്കംകുന്ന് റോഡ് കോൺക്രീറ്റ് | ഉദയപുരം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1,28,306.17 | 147570/ 25.06.2021 | - | 2566 |
| 13 | ആലത്തടി ബിരിത്തിമൂല റോഡ് സോളിംഗ് | മാഹിൻ.എം | 2,21,018 | 935991/ 26.03.2021 | - | 2210 |
| 14 | അട്ടേങ്ങാനം പെരുവടൽ നടപ്പാത നിർമ്മാണം. | ഷാജി. ഇ.കെ | 1,94,334 | 861630/ 15.03.2021 | - | 1,943 |
| | | | 1,86,747 | 861642/ 15.03.2021 | - | 1,867 |
| 15 | മുട്ടിച്ചരൽ കണ്ണോത്ത് റോഡ് ഫുട്ട്പാത്ത് നിർമ്മാണം | എ.വി.ശ്രീധരൻ | 97,156 | 969145/ 30.03.2021 | - | 972 |
| 16 | മൂക്കട് അങ്കൺവാടി ചുറ്റുമതിൽ നിർമ്മാണം | മാഹിൻ.എം | 49,779 | 969124/ 30.03.2021 | - | 498 |
| 17 | ഓട്ടക്കണ്ടം അരിപ്പനീർ റോഡ് സൈഡ് സംരക്ഷണം | ഉദയപുരം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 95,066.25 | 562529/ 23.12.2021 | - | 1,901 |
| 18 | വേങ്ങച്ചേരി മുണ്ട്യാനം കൽവർട്ട് നിർമ്മാണം | മാത്യു പി. ആന്റണി | 65,879.05 | 302754/ 22.09.202 | - | 659 |
| 19 | ചുന്നംകുളം മുതിരക്കാൽ റോഡ് സോളിംഗ് | സുരേഷ് കുമാർ.എ | 1,75,745 | 969081/ 30.03.2021 | - | 1,757 |
| 20 | പടിമരുത് ആലടുക്കം ഫുട്ട്പാത്ത് നിർമ്മാണം | അനിൽ ജോസ് | 1,24,556.25 | 978656/ 31.03.2021 | - | 1,246 |
| 21 | പടിമരുത് ആലടുക്കം റോഡ് കോൺക്രീറ്റ് | അനിൽ ജോസ് | 201985.8 | 978692/ 31.03.2021 | - | 2,020 |
| 22 | ആലടുക്കം അങ്കൺവാടി ചുറ്റുമതിൽ നിർമ്മാണം | കൊട്ടൻ.കെ | 76,229 | 969111/ 30.03.2021 | - | 762 |
| 23 | ആനപ്പെട്ടി അങ്കൺവാടിക്ക് ചുറ്റുമതിൽ നിർമ്മാണം | ലത്തീഫ്.എം | 1,23,766 | 981375/ 31.03.2021 | - | 1,238 |
| 24 | വെള്ളച്ചാൽ കല്ലറൽ | റോയ് ജോസ് | 1,62,400 | 983137/ | - | 1,624 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് കൽവർട്ട് നിർമ്മാണം | | | 31.03.2021 | | |
| 25 | ആൽത്തടി ബിരിത്തിമൂല റോഡ് സൈഡ് സംരക്ഷണം | മാഹിൻ.എം | 1,25,500 | 936075/ 26.03.2021 | - | 1,255 |
| 26 | നായ്ക്കയം അരിപ്പനീർതട്ട് റോഡ് സോളിംഗ് | മാത്യു പി. ആന്റണി | 2,06,420.6 | 978682/ 31.03.2021 | - | 2,064 |
| 27 | വേങ്ങച്ചേരി മുണ്ട്യാനം റോഡ് സോളിംഗ് | മാത്യു പി. ആന്റണി | 97,791.05 | 982155/ 31.03.2021 | - | 978 |
| 28 | കുതിരക്കല്ല്- മാവില കോളനി നടപ്പാത കോൺക്രീറ്റ് | ഉദയപുരം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1,40,496.78 | 968818/ 30.03.2021 | - | 2,810 |
| | | | 1,32,400 | 968833/ 30.03.2021 | - | 2648 |
| 29 | കുട്ടക്കളം വെള്ളരിക്കുണ്ട് റോഡ് കോൺക്രീറ്റ് | ഉദയപുരം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2,01,946 | 476265/ 23.11.2020 | - | 4,039 |
| 30 | ചുള്ളിക്കര അത്തിയടുക്കംപാറ റോഡ് കോൺക്രീറ്റ് | ഉദയപുരം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1,36,855 | 501954/ 01.12.2020 | - | 2,737 |
| 31 | അരിയളം പൊടവട്ടക്കം റോഡ് കോൺക്രീറ്റ് | ഷാജി.ഇ.കെ | 1,92,065.88 | 862852/ 15.03.2021 | - | 1,921 |
| 32 | കോടോം കാഞ്ഞിരത്തുങ്കാൽ റോഡ് കോൺക്രീറ്റ് | ഉദയപുരം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1,11,794.6 | 969033/ 30.03.2021 | - | 2,236 |
| 33 | ചക്കിട്ടടുക്കം കുന്നംവയൽ നടപ്പാത കോൺക്രീറ്റ് | ജോയ് ജോസ് | 1,72,800 | 983125/ 31.03.2021 | - | 1,728 |
| 34 | കഞ്ചംകല്ല് കൽവർട്ട് നിർമ്മാണം | മാത്യു പി. ആന്റണി | 1,13,452 | 423098/ 07.09.2021 | - | 1,135 |
| 35 | മാണിയൂർ അമ്പലം റോഡ് സോളിംഗ് | മാത്യു പി. ആന്റണി | 1,11,072.6 | 982386/ 31.03.2021 | - | 1,111 |
| 36 | എട്ടാംമൈൽ മൂപ്പിൽ റോഡ് സോളിംഗ് | സി.ഉദയൻ | 1,18,800 | 412115/ 04.09.2021 | - | 1,188 |
| 37 | പടിമരുത് അർപ്പനീർ റോഡ് സൈഡ് സംരക്ഷണം | അലക്സാണ്ടർ.വി.ജെ | 50,420 | 434815/ 09.09.2021 | - | 504 |
| 38 | ശാസ്താംപാറ കോളനി റോഡ് കോൺക്രീറ്റ് നിർമ്മാണം | പ്രദീപ് ജോസ് | 1,29,366 | 423072/ 07.09.2021 | - | 1,294 |
| 39 | മേക്കോടം കുറ്റിത്താനി റോഡ് സോളിംഗ് | സി.ഉദയൻ | 1,08,066 | 477585/ 16.09.2021 | - | 1,081 |
| 40 | പൂതങ്ങാനം പെരുമ്പർ റോഡ് സോളിംഗ് | കെ.കൊട്ടൻ | 1,17,000 | 477591/ 16.09.2021 | - | 1,170 |

| | | | | | | |
|---|---|---|---|---|---|---|
| 41 | കുതിരക്കല്ല് മാവില കോളനി റോഡ് കോൺക്രീറ്റ് | ഉദയപുരം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2,92,709 | 583993/ 05.10.2021 | 5,854 | 5,854 |
| 42 | കോളിയാർ ഒടച്ചാനട്ടക്കം റോഡ് കൽവർട്ട് നിർമ്മാണം | അബ്ദുൾ റഹ്മാൻ എം | 1,92,956.25 | 977425/ 31.03.2021 | - | 1,930 |
| 43 | കോട്ടപ്പാറ പെരിങ്ങത്തടം റോഡ് സോളിംഗ് | മാത്യു പി. ആന്റണി | 1,82,700 | 935975/ 26.03.2021 | - | 1,827 |
| 44 | എണ്ണപ്പാറ ദർഘാസ് നടപ്പാത കോൺക്രീറ്റ് | മാത്യു പി. ആന്റണി | 2,29,180 | 502168/ 01.12.2020 | - | 2,291 |
| | | | 1,61,258 | 502169/ 01.12.2020 | - | 1,613 |
| | | | | ആകെ | 5,854 | 90,752 |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/01.07.2022) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ആയതിനാൽ ജി.എസ്.ടി, ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-18 ‌ളുങ്ങൽ മിച്ചഭൂമികോളനി ഫൂട്ട് പാത്ത് കോൺക്രീറ്റ്-പദ്ധതിയുടെ നിർവഹണം നടത്തിയ അക്രഡിറ്റ് ഏജൻസിക്ക് കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചു- അധികം നൽകിയ തുക തിരികെ ഈടാക്കണം.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

25.07.2017 ലെ ജി.ഒ.(പി) നം 95/2017/ഫിൻ പ്രകാരം അക്രഡിറ്റ് ഏജൻസികളെ നേരിട്ട് ഏൽപ്പിക്കുന്ന പ്രവൃത്തികൾക്ക് കരാറുകാരന്റെ ലാഭം (CP) അനുവദനീയമല്ല. അക്രഡിറ്റ് ഏജൻസികൾ ടെണ്ടറിൽ പങ്കെടുത്ത് പ്രവൃത്തികൾ ലഭിക്കുന്നവെങ്കിൽ മാത്രമാണ് കരാറുകാരന്റെ ലാഭം (CP) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. അക്രഡിറ്റ് ഏജൻസികൾ നേരിട്ട് ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ഓവർഹെഡ് ചാർജ്ജും സെന്റേജ് ചാർജ്ജും എസ്റ്റിമേറ്റുതുകയുടെ കൂടെ അനുവദനീയമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് അക്രഡിറ്റ് ഏജൻസി മുഖേന നിർവ്വഹണം നടത്തിയ ളുങ്ങൽ മിച്ചഭൂമികോളനി ഫൂട്ട് പാത്ത് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 10% കരാറുകാരന്റെ ലാഭം (CP) തെറ്റായി അനുവദിച്ചതുമൂലം 11,321/- രൂപയുടെ അധിക ചെലവ് ഗ്രാമ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. നഷ്ടം സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക3-1ൽ ചേർത്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.9 തീ: 30.06.2022).

1-19 ‌പുള്ളിക്കല്ല് മാണിയൂർ റോഡ് ടാറിംഗ് പ്രവൃത്തി - കരാറുകാരന് അധികം തുക നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | S O 201/21 (പുള്ളില്ല് മാണിയൂർ റോഡ് ടാറിംഗ്) | | |
| അടങ്കൽ | 5,00,000/- (മെയിന്റനൻസ് ഫണ്ട് -റോഡ്) | | |
| എസ്റ്റിമേറ്റ് | 5,00,000/- (EST No 2017/85215) | | |
| സാങ്കേതികാനുമതി | 5,00,000/- (TS No 60863/2017-2018 അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്.) | | |
| എം. ബുക്ക് നം. | 03/2019-20 | | |
| ആകെ അളവ് മൂല്യം | ₹ 4,87,970/- | | |
| കരാറുകരാൻ | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി | | |
| ക്വോട്ട് ചെയ്ത തുക | 4,98,995/- | | |
| കരാറുകാരന് നൽകിയ തുക | ബിൽ റഫറൻസ് നമ്പർ/തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 18200952004400461532 തീയതി. 23.08.2018 | ₹ 1,25,000/- | ₹ 1,25,000/- |
| | 20200952004400051970 തീയതി. 11.04.2020 | ₹ 3,62,970/- | ₹ 3,44,821/- |
| | ആകെ | ₹ | ₹ |

| | | | |
|---|---|---|---|
| | | 4,87,970/- | 4,69,821/- |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 19) പ്രകാരം ആകെ അളവ് മൂല്യം 4,87,970/- രൂപയാണ്. പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരം ചുവടെ വിവരിക്കും പ്രകാരം കരാറുകാരന് തുക നൽകിയിട്ടുണ്ട് .

| | |
|---|---|
| ആകെ അളവ് മൂല്യം | 4,87,970/- |
| (-) മുൻകൂർ നൽകിയ തുക | 1,25,000/- |
| ആകെ | 3,62,970/- |
| (-) ആദായ നികുതി 2% | 7,259/- |
| (-) CGST 1% | 3,630/- |
| (-) CGST 1% | 3,630/- |
| (-) KCWWF 1% | 3,630/- |
| കരാറുകാരന് നൽകിയ തുക | 3,44,821/- |

പ്രവൃത്തിക്കായി 1,25,000/- കരാറുകാരന് മുൻകൂറായി നൽകിയിട്ടുണ്ട്. നികുതികളൊന്നും കുറവ് ചെയ്യാതെയാണ് മുൻകൂർ തുക നൽകിയത്. പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും നികുതിയിനത്തിൽ 24,399/-രൂപ (CGST- ₹ 4,880/-, SGST ₹ 4,880/- ആദായനികുതി - ₹ 9,759/-, KCWWF -₹4,880/-) ഈടാക്കേണ്ടതിനു പകരം 18,149/-രൂപ മാത്രമാണ് ഈടാക്കിയത്. ഇതുമൂലം കരാറുകാരന് 6,250/- രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ 6,250/-രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി നികുതിയിനത്തിൽ കുറവ് വന്ന തുക (CGST- ₹ 1,250/-, SGST ₹ 1,250/- ആദായനികുതി - ₹ 2,500/-, KCWWF -₹1,250/-) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 7 തിയതി 29.06.2022).

## 1-20 വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളുടെ പരിശോധന-ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

2020-21 വർഷത്തിൽ വെറ്റിനറി സർജന് പദ്ധതികളുടെ നിർവ്വഹണത്തിനായി ഗ്രാമ പഞ്ചായത്തിൽ നിന്നും 31,05,300/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ചില ചിലവ് രേഖകൾ പൂർണമായും ഹാജരാക്കുകയുണ്ടായി. മറ്റ് രേഖകൾ ഭാഗികമായാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. പരിശോധനയ്ക്ക് ഹാജരാക്കിയതും ഹാജരാക്കാത്തതുമായ രേഖകളുടെ വിവരം താഴെ കൊടുക്കുന്നു,

| പ്രൊജക്ടിന്റെ പേര് & നമ്പർ | സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരം ചെലവ് | ഓഡിറ്റിന്ഹാജരാക്കിയ വൗച്ചറുകളിലെ തുക | ഓഡിറ്റിന്ഹാജരാക്കാത്ത വൗച്ചറുകളിലെ ആകെ തുക |
|---|---|---|---|
| 359/2020-21, പെണ്ണാട് വളർത്തൽ-എസ്.ടി. | 1,40,000 (വികസനഫണ്ട്-TSP ) + 80,000(തനത് ഫണ്ട്) = 2,20,000 | 1,40,000 (വികസനഫണ്ട്-TSP ) | 80,000(തനത് ഫണ്ട്) |
| 357/2020-21, കറവപ്പശു വളർത്തൽ-എസ്.ടി. | 1,60,000 (വികസനഫണ്ട്-TSP ) + 1,20,000(തനത് ഫണ്ട്) = 2,80,000 | 1,60,000 (വികസനഫണ്ട്-TSP ) | 1,20,000(തനത് ഫണ്ട്) |

| | | | |
|---|---|---|---|
| 9/2020-21, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ. | 3,00,000 (MG- Road ) | -- | 3,00,000 (MG- Road ) |
| 8/2020-21,വീണപോയ കന്നുകാലികളെ ഉയർത്തുന്നതിനുള്ള ചെയിൻബ്ലോക്ക് വാങ്ങൽ | 36,500 (MG- Road ) | -- | 36,500 (MG-Road ) |
| 354/2020-21, കറവപശു വളർത്തൽ- ജനറൽ | 5,25,000 (CFC ) + 5,75,000(തനത് ഫണ്ട്) = 11,00,000 | 5,25,000 (CFC ) + 5,75,000(തനത് ഫണ്ട്) = 11,00,000 | -- |
| 358/2020-21, പെണ്ണാട് വളർത്തൽ- ജനറൽ | 5,37,500 (CFC ) + 3,62,500(തനത് ഫണ്ട്) = 9,00,000 | -- | 5,37,500 (CFC ) + 3,62,500(തനത് ഫണ്ട്) = 9,00,000 |
| 4/2020-21, മുട്ടക്കോഴി വളർത്തൽ- ജനറൽ- വനിത | 2,68,800(മറ്റുള്ളവ ) | -- | 2,68,800(മറ്റുള്ളവ ) |
| ആകെ | 31,05,300രൂപ | 14,00,000രൂപ | 17,05,300രൂപ |

2020-21 വർഷം ചെലവഴിച്ച മുകളിൽ വിവരിച്ച പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം - 12 തീയ്യതി 30-06-2022.) മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 17,05,300/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂർ നൽകിയ പ്രവൃത്തികൾ-മുൻകൂർ കൈപറ്റി പ്രവൃത്തി ആരംഭിക്കുന്നതിൽ അസാധാരണമായ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല-മറ്റ് അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കരാർ തുകയുടെ 25% മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുണ്ട്. കൂടാതെ ചില പ്രവൃത്തികളിലെ എസ്റ്റിമേറ്റ് തുക പെരുപ്പിച്ച് കാണിച്ച് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനർഹമായ സാമ്പത്തികാനുകൂല്യം നൽകിയിട്ടുണ്ട്. 2020-2021 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച ചുവടെ പരാമർശിക്കുന്ന പ്രവൃത്തികൾക്കായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി തുക നൽകിയതിലും പ്രവൃത്തിയുടെ പൂർത്തീകരണത്തിലും നിരവധി അപാകതകൾ കാണുന്നു. അപാകതകൾ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

1. പി.എച്ച്.സിഅടിസ്ഥാന സൗകര്യം വികസനം (പ്രൊജക്ട് നം 2 86/21)

പി.എച്ച്.സി അടിസ്ഥാന സൗകര്യം വികസനം എന്ന പ്രവ്യത്തിക്കായി 2018-2019 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി (പ്രൊജക്ട് നം 223/19) തയ്യാറാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ DSR 2016 (Cost Indwx 38.24%) അടിസ്ഥാനമാക്കി 6,48,140/- രൂപയുടെ എസ്റ്റിമേറ്റ് (EST No 2018/88573) പദ്ധതിക്കായി തയ്യാറാക്കുകയും ആയതിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി (TS No 47055/2018-2019) നൽകുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവ്യത്തിയ്ക്കായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ (4,98,841/-രൂപ) ഭരണസമിതി അംഗീകരിച്ച (തീരുമാനം നം 3/2 തീയതി 22.10.2018). തുടർന്ന് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും പദ്ധതി നിർവ്വഹണം സമ്പന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട് (AE/LSGD/KB/33/2018-2019 Dated 16.11.2018). കരാറുടമ്പടി പ്രകാരം പദ്ധതിയുടെ പ്രവർത്തന കലണ്ടറിൽ പറഞ്ഞ 2019 മാർച്ച് മാസത്തിൽ പ്രവ്യത്തി പൂർത്തിയാക്കേണ്ടതാണ്.

09.01.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം 1/2018/സഹ പ്രകാരം പ്രവ്യത്തികളുടെ 25% തുക ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മുൻകൂർ അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ BRN No 18200952004401007176/29.12.2018 പ്രകാരം 1,24,710/-രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറി ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ 13.04.2019ലെ കത്തിൽ സൈറ്റ് മാർക്ക ചെയ്തുകിട്ടിയിട്ടില്ലാത്തതിനാൽ പ്രവ്യത്തി ആരംഭിക്കാനായിട്ടില്ലെന്നും പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 25.04.2019 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം നമ്പർ 5 പ്രകാരം 28.09.2019 വരെ പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകാനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും ശ്രീ. എ.സി. മാത്യു, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അനുമതി നൽകി. 14.05.2019 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം 2/1 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഒറിജിനൽ എസ്റ്റിമേറ്റിൽ കാര്യമായ വ്യതിയാനം വരുത്തിക്കൊണ്ട് 3,41,531/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന 11 ഇനങ്ങളിൽ 8 ഇനങ്ങളും പുതുക്കിയ എസ്റ്റിമേറ്റിൽ ഒഴിവാക്കി, കൂടാതെ എക്സ്ട്രാ ഐറ്റമായി 21 ഇനങ്ങൾ പുതുതായി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയുമുണ്ടായി.

അളവ് പുസ്തകം നമ്പർ 39/2020-21, പ്രകാരം പ്രവ്യത്തി 05.02.2020 ന് ആരംഭിച്ചിട്ടുണ്ട്, 17.06.2020ന് പ്രവ്യത്തി പൂർത്തിയായിട്ടുമുണ്ട്. പ്രവ്യത്തിയുടെ ആകെ അളവ് മൂല്യം 3,27,646/-രൂപയായി കണക്കാക്കി നികുതിയിനത്തിൽ 16,381/- രൂപയും മുൻകൂറായി നൽകിയ 1,24,710/- രൂപയും കുറവു ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അന്തിമ ബിൽ (BRN No 20200952004400944380/14.01.2021) പ്രകാരം 1,86,555/-രൂപ നൽകിയിട്ടുണ്ട്.

*പി.എച്ച്.സി അടിസ്ഥാന സൗകര്യം വികസനം എന്ന പ്രവ്യത്തിക്കായി മുൻകൂർ നൽകിയതിലും പ്രവ്യത്തി യഥാസമയം ആരംഭിക്കാത്തതിനാൽ കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കാലാവധി നീട്ടികൊടുത്തതിലും ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുന്നു.*

1). ഈ പ്രവ്യത്തിക്കായി തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റ് 6,48,140/- രൂപയുടെതാണ്. ഈ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി പ്രവ്യത്തി ടെണ്ടർ ചെയ്യുകയും ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ (4,98,841/-രൂപ) അംഗീകരിക്കുകയുമാണുണ്ടായത്. തുടർന്ന് ടെണ്ടർ തുകയുടെ 25% തുകയായ 1,24,710/-രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകി. എന്നാൽ പ്രവ്യത്തിയുടെ യഥാർത്ഥ അളവ് മൂല്യം 3,27,646/-രൂപ മാത്രമാണ്. അതായത് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റിന്റെ പകുതി തുകയുടെ ആവശ്യം മാത്രമേ പദ്ധതിക്കായി വേണ്ടിയിരുന്നുള്ളൂ. പ്രവ്യത്തിയുടെ യഥാർത്ഥ അളവ് മൂല്യമായ 3,27,646/-രൂപടെ 25% തുകയായ 81,912/-രൂപയുടെ മുൻകൂറിന് മാത്രമാണ് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അർഹതയുള്ളൂ. എന്നാൽ എസ്റ്റിമേറ്റ് തുക പെരുപ്പിച്ച് കാണിച്ചത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനർഹമായ സാമ്പത്തികാനുകൂല്യം ലഭിക്കുന്നതിനിടയാക്കി.

2). ഈ പ്രവൃത്തിക്കായി 29.12.2018 ന് 1,24,710/-രൂപ മുൻകൂറായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി കൈപറ്റിയെങ്കിലും പ്രവൃത്തി ആരംഭിച്ചത് 05.02.2020 ന് മാത്രമാണ്. അതായത് മുൻകൂർ കൈപറ്റി 13 മാസങ്ങൾക്കുശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുണ്ട്.

3). ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ 13.04.2019ലെ (ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ) കത്തിൽ പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് സൈറ്റ് മാർക്ക ചെയ്തുകിട്ടിയിട്ടില്ല എന്നതാണ്. പി.എച്ച്.സി കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യം വികസനത്തിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിനാണ് സ്ഥാപനം ടെണ്ടർ സമർപ്പിച്ചത്. ആയതിനാൽതന്നെ പ്രവൃത്തിയുടെ സൈറ്റ്, റോഡു പണികൾക്ക് ചെയ്നേജ് തിരിച്ച് മാർക്ക ചെയ്യുന്നതുപോലെ, പ്രത്യേകമായി മാർക്ക ചെയ്തു നൽകേണ്ട ആവശ്യമില്ല. തങ്ങളുടെയല്ലാത്ത വീഴ്ചകൊണ്ടാണ് നിർമാണ പ്രവൃത്തി ആരംഭിക്കാത്തത് എന്നതിന് സ്ഥാപനം നിരത്തിയ സാങ്കേതികമായ ഒരു കാരണം മാത്രമാണിത്.

സൈറ്റ് മാർക്ക ചെയ്തുകിട്ടിയിട്ടില്ലാത്തതിനാൽ പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷയിൽ ഉദ്യോഗസ്ഥതല പരിശോധനകൂടാതെയാണ് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും അനുമതി നൽകിയത്. മുൻകൂർ കൈപറ്റിയശേഷം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയതിന് കരാർ ഉടമ്പടി പ്രകാരം മേൽ സ്ഥാപനം ഗ്രാമ പഞ്ചായത്തിന് പിഴ നൻകേണ്ടതാണ്. എന്നാൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നടപടി ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാക്കി.

4). പ്രവൃത്തിക്കായി മുൻകൂർ കൈപറ്റി 13 മാസത്തോളം പ്രവൃത്തി ആരംഭിക്കാത്തതിന് മേൽ സ്ഥാപനത്തിന് പഞ്ചായത്ത്/നിർവ്വഹണോദ്യോഗസ്ഥൻ കാരണംകാണിക്കാൻ കത്ത് നൽയിട്ടില്ല.

2. പാറക്കടവ് കമ്മ്യൂണിറ്റി ഹാൾ വിപുലീകരണം (പ്രൊജക്റ്റ് നം 2 85/21)

പാറക്കടവ് കമ്മ്യൂണിറ്റി ഹാൾ വിപുലീകരണം എന്ന പ്രവൃത്തിക്കായി 2018-2019 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി (പ്രൊജക്ട് നം 221/19) തയ്യാറാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ DSR 2016 (Cost Indwx 38.24%) അടിസ്ഥാനമാക്കി 3,50,000/- രൂപയുടെ എസ്റ്റിമേറ്റ് (EST No 2018/106768) പദ്ധതിക്കായി തയ്യാറാക്കുകയും ആയതിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർസാങ്കേതികാനുമതി (TS No 83287/2018-2019) നൽകിയിട്ടുണ്ട്. ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയ്ക്കായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ (എസ്റ്റിമേറ്റ് നിരക്ക്) ഭരണസമിതി അംഗീകരിച്ചു (തീരുമാനം നം 2/1 തീയതി 09.11.2018). തുടർന്ന് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും പദ്ധതി നിർവ്വഹണം സമ്പന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട് (AE/LSGD/KB/35/2018-2019 Dated 16.11.2018). കരാറുടമ്പടി പ്രകാരം പദ്ധതിയുടെ പ്രവർത്തന കലണ്ടറിൽ പറഞ്ഞ 2019 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

09.01.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം 1/2018/സഹ പ്രകാരം പ്രവൃത്തികളുടെ 25% തുക ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മുൻകൂർ അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം8485514/10.01.2019 പ്രകാരം 87,062/-രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറി ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ 13.04.2019ലെ കത്തിൽ സൈറ്റ് മാർക്ക ചെയ്തുകിട്ടിയിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാനായിട്ടില്ലെന്നും പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കടി ദീർഘിപ്പിച്ചു നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 25.04.2019 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം നമ്പർ 5 പ്രകാരം പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി 6 മാസം കടി ദീർഘിപ്പിച്ചു നൽകാനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും ശ്രീ. എ.സി. മാത്യൂ, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അനുമതി നൽകി. 14.05.2019 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം 2/1 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഒറിജിനൽ എസ്റ്റിമേറ്റിൽ കാര്യമായ വ്യതിയാനം

വരുത്തിക്കൊണ്ട് 1,97,832/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന 18 ഇനങ്ങളിൽ 3 ഇനങ്ങൾ പുതുക്കിയ എസ്റ്റിമേറ്റിൽ ഒഴിവാക്കി, കൂടാതെ എക്സ്ട്രാ ഐറ്റമായി 3 ഇനങ്ങൾ പുതുതായി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയുമുണ്ടായി.

പ്രവൃത്തിയുടെ അളവ് പുസ്തകം നമ്പർ 33/2020-21, പ്രകാരം 03.01.2020 ന് ആരംഭിച്ചിട്ടുണ്ട്, 18.05.2020ന് പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ അളവ് മൂല്യം 1,90,964/-രൂപയായി കണക്കാക്കി നികുതിയിനത്തിൽ 5,729/- രൂപയും മുൻകൂറായി നൽകിയ 87,062/- രൂപയും കുറവു ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അന്തിമ ബിൽ (UTR No U000000837961456/21.01.2021) പ്രകാരം 98,173/-രൂപ നൽകിയിട്ടുണ്ട്.

*പാറക്കടവ് കമ്മ്യൂണിറ്റി ഹാൾ വിപുലീകരണം എന്ന പ്രവൃത്തിക്കായി മുൻകൂർ നൽകിയതിലും പ്രവൃത്തി യഥാസമയം ആരംഭിക്കാത്തതിനാൽ കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കാലാവധി നീട്ടിക്കൊടുത്തതിലും ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുന്നു.*

1). ഈ പ്രവൃത്തിക്കായി തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റ് 3,50,000/- രൂപയുടെതാണ്. ഈ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുകയും ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ (എസ്റ്റിമേറ്റ് നിരക്ക്) അംഗീകരിക്കുകയുമാണുണ്ടായത്. തുടർന്ന് ടെണ്ടർ തുകയുടെ 25% തുകയായ 87,062/-രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകി. എന്നാൽ പ്രവൃത്തിയുടെ യഥാർത്ഥ അളവ് മൂല്യം 1,90,964/-രൂപ മാത്രമാണ്. അതായത് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റിന്റെ 55% തുകയുടെ ആവശ്യം മാത്രമേ പദ്ധതിക്കായി വേണ്ടിയിരുന്നുള്ളൂ. പ്രവൃത്തിയുടെ യഥാർത്ഥ അളവ് മൂല്യമായ 1,90,964/-രൂപടെ 25% തുകയായ 47,741/-രൂപയുടെ മുൻകൂറിന് മാത്രമാണ് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അർഹതയുള്ളൂ. എന്നാൽ എസ്റ്റിമേറ്റ് തുക പെരുപ്പിച്ച് കാണിച്ചത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനർഹമായ സാമ്പത്തികാനുകൂല്യം ലഭിക്കുന്നതിനിടയാക്കി.

2). ഈ പ്രവൃത്തിക്കായി 10.01.2019 ന് 187,062/-രൂപ മുൻകൂറായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി കൈപറ്റിയെങ്കിലും പ്രവൃത്തി ആരംഭിച്ചത് 03.01.2020 ന് മാത്രമാണ്. അതായത് മുൻകൂർ കൈപറ്റി ഏതാണ്ട് ഒരു വർഷമായപ്പോൾ മാത്രമാണ് പ്രവൃത്തി ആരംഭിച്ചത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുണ്ട്.

3). ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ 13.04.2019ലെ (ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ) കത്തിൽ പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് സൈറ്റ് മാർക്ക ചെയ്തുകിട്ടിയിട്ടില്ല എന്നതാണ്. പാറക്കടവ് കമ്മ്യൂണിറ്റി ഹാൾ വിപുലീകരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിനാണ് സ്ഥാപനം ടെണ്ടർ സമർപ്പിച്ചത്. ആയതിനാൽതന്നെ പ്രവൃത്തിയുടെ സൈറ്റ്, റോഡു പണികൾക്ക് ചെയ്നേജ് തിരിച്ച് മാർക്ക ചെയ്യുന്നതുപോലെ, പ്രത്യേകമായി മാർക്ക ചെയ്തു നൽകേണ്ട ആവശ്യമില്ല. തങ്ങളുടെയല്ലാത്ത വീഴ്ചകൊണ്ടാണ് നിർമാണ പ്രവൃത്തി ആരംഭിക്കാത്തത് എന്നതിന് സ്ഥാപനം നിരത്തിയ സാങ്കേതികമായ ഒരു കാരണം മാത്രമാണിത്.

സൈറ്റ് മാർക്ക ചെയ്തുകിട്ടിയിട്ടില്ലാത്തതിനാൽ പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷയിൽ ഉദ്യോഗസ്ഥതല പരിശോധനകൂടാതെയാണ് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകാനും എസ്റ്റിമേറ്റ് പുതുക്കി നൽകാനും അനുമതി നൽകിയത്. മുൻകൂർ കൈപറ്റിയശേഷം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയതിന് കരാർ ഉടമ്പടി പ്രകാരം മേൽ സ്ഥാപനം ഗ്രാമ പഞ്ചായത്തിന് പിഴ നൻകേണ്ടതാണ്. എന്നാൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നടപടി ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാക്കി.

4). പ്രവൃത്തിക്കായി മുൻകൂർ കൈപറ്റി ഒരു വർഷത്തോളം പ്രവൃത്തി ആരംഭിക്കാത്തതിന് മേൽ സ്ഥാപനത്തിന് പഞ്ചായത്ത്/നിർവ്വഹണോദ്യോഗസ്ഥൻ കാരണംകാണിക്കാൻ കത്ത് നൽയിട്ടില്ല.

3. ഉുങ്ങൽ മിച്ചഭൂമികോളനി ഫൂട്ട് പാത്ത് കോൺക്രീറ്റ് (പ്രൊജക്ട് നം 277/21)

ഉുങ്ങൽ മിച്ചഭൂമികോളനി ഫൂട്ട് പാത്ത് കോൺക്രീറ്റ് എന്ന പ്രവൃത്തിക്കായി 2017-2018 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി(പ്രൊജക്ട് നം 408/18) തയ്യാറാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ

നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ MoRD 2016 (Cost Indwx 38.24%) അടിസ്ഥാനമാക്കി 6,59,195/- രൂപയുടെ എസ്റ്റിമേറ്റ് (EST No 2018/5746) പദ്ധതിക്കായി തയ്യാറാക്കുകയും ആയതിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി (TS No 98888/2018-2019) നൽകിയിട്ടുണ്ട്. അക്രഡിറ്റ് ഏജൻസിയായ ഉദയപുരം ലേബർ കോൺട്രാക്ട് മുഖേനയാണ് ഈ പദ്ധതി നിർവ്വഹണം നടത്തിയത്. തുടർന്ന് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും പദ്ധതി നിർവ്വഹണം സമ്പന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട് (AE/KB/118-17-18 Dated 31.03.2018). കരാറുടമ്പടി പ്രകാരം പദ്ധതിയുടെ പ്രവർത്തന കലണ്ടറിൽ പറഞ്ഞ 2019 മാർച്ച് മാസത്തിൽ പ്രവ്യത്തി പൂർത്തിയാക്കേണ്ടതാണ്.

09.01.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം 1/2018/സഹ പ്രകാരം പ്രവ്യത്തികളുടെ 25% തുക ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മുൻകൂർ അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിൽ നം(BRN 18200952004400461524/23.08.2018) പ്രകാരം 1,40,000/- രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറി ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ 20.03.2019ലെ കത്തിൽ പ്രവ്യത്തി ആരംഭിക്കുന്നതിനുള്ള സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്നും വിട്ടുകിട്ടാത്തതിനാൽ നിർമ്മാണ പ്രവ്യത്തി ആരംഭിക്കാനായിട്ടില്ലെന്നും പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ച നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 25.04.2019 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം നമ്പർ 5 പ്രകാരം പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി 6 മാസം കൂടി ദീർഘിപ്പിച്ച നൽകാനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും ശ്രീ. എ.സി. മാത്യു, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അനുമതി നൽകി. 27.06.2019 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം 2/1 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഒറിജിനൽ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തിക്കൊണ്ട് 6,42,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി.

പ്രവ്യത്തിയുടെ അളവ് പുസ്തകം നമ്പർ 18/2019-2020, പ്രകാരം 04.02.2020 ന് ആരംഭിച്ചിട്ടുണ്ട്, 18.03.2020ന് പ്രവ്യത്തി പൂർത്തിയായിട്ടുണ്ട്. പ്രവ്യത്തിയുടെ ആകെ അളവ് മൂല്യം 6,22,676/-രൂപയായി കണക്കാക്കി നികുതിയിനത്തിൽ 31,135/- രൂപയും മുൻകൂറായി നൽകിയ 1,40,000/- രൂപയും കുറവു ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അന്തിമ ബിൽ (BRN 20200952004400338438/10.07.2020) പ്രകാരം 4,51,541/-രൂപ നൽകിയിട്ടുണ്ട്.

*തുങ്ങൽ മിച്ചഭൂമികോളനി ഫൂട്ട് പാത്ത് കോൺക്രീറ്റ് എന്ന പ്രവ്യത്തിക്കായി മുൻകൂർ നൽകിയതിലും പ്രവ്യത്തി യഥാസമയം ആരംഭിക്കാത്തതിനാൽ കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കാലാവധി നീട്ടികൊടുത്തതിലും ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുന്നു.*

1). അക്രഡിറ്റ് ഏജൻസിയായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേനയാണ് ഈ പദ്ധതി നിർവ്വഹണം നടത്തിയത്. ഈ പ്രവ്യത്തിക്കായി എസ്റ്റിമേറ്റ് തുകയുടെ 25% തുകയായ 1,40,000/-രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകി. ഈ പ്രവ്യത്തിക്കായി 23.08.2018 ന് 1,40,000/-രൂപ മുൻകൂറായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി കൈപറ്റിയെങ്കിലും പ്രവ്യത്തി ആരംഭിച്ചത് 04.02.2020 ന് മാത്രമാണ്. അതായത് മുൻകൂർ കൈപറ്റി 17 മാസത്തിനുക്കശേഷമാണ് പ്രവ്യത്തി ആരംഭിച്ചത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുണ്ട്.

2). ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ 20.03.2019ലെ (ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ) കത്തിൽ പ്രവ്യത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് പ്രവ്യത്തി ആരംഭിക്കുന്നതിനുള്ള സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്നും വിട്ടുകിട്ടിയിട്ടില്ല എന്നതാണ്. പ്രവ്യത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പുതന്നെ സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്. എന്നാൽ പ്രാഥമികമായി ചെയ്യേണ്ടിയിരുന്ന നടപടിക്രമങ്ങൾ പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെയടിസ്ഥാനത്തിൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂർ തുക നൽകുകയാണുണ്ടയത്. അതായത് മേൽ സ്ഥാപനത്തിന് മുൻകൂറായി തുക അനുവദിക്കുക എന്ന ആവശ്യത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. സ്ഥലം ഏറ്റെടുക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി മുൻകൂർ അനുവദിച്ചതുമൂലം അനർഹമായ സാമ്പത്തികാനുകൂല്യം മേൽ സ്ഥാപനത്തിന് ലഭിക്കുന്നതിനിടയാക്കി. അതായത് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ വീഴ്ചയാണ്.

3). ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ 20.03.2019ലെ (ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ) കത്തിൽ പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്നും വിട്ടുകിട്ടിയിട്ടില്ല എന്നതാണ്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആരുടെയും സ്ഥലം ഏറ്റെടുക്കാതെയാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതാണ്.

4). പ്രവൃത്തിക്കായി മുൻകൂർ കൈപറ്റി 17 മാസത്തോളം പ്രവൃത്തി ആരംഭിക്കാത്തതിന് മേൽ സ്ഥാപനത്തിന് പഞ്ചായത്ത്/നിർവ്വഹണോദ്യോഗസ്ഥൻ കാരണംകാണിക്കാൻ കത്ത് നൽയിട്ടില്ല.

5). പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷയിൽ ഉദ്യോഗസ്ഥതല പരിശോധന കൂടാതെയാണ് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും അനുമതി നൽകിയത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനത്തിന്റെ വീഴ്ചമൂലമാണ് പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വന്നതെങ്കിൽ, കരാർ ഉടമ്പടി പ്രകാരം മേൽ സ്ഥാപനം ഗ്രാമ പഞ്ചായത്തിന് പിഴ നൽകേണ്ടതാണ്.

4. പഞ്ചായത്ത് മീറ്റിംഗ് ഹാൾ റിപ്പയർ (പ്രൊജക്ട് നം 2 90/21)

പഞ്ചായത്ത് മീറ്റിംഗ് ഹാൾ റിപ്പയർ എന്ന പ്രവൃത്തിക്കായി 2018-2019 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി തയ്യാറാക്കി (പ്രൊജക്ട് നം 500/19) തയ്യാറാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ DSR 2016 (Cost Indwx 38.24%) അടിസ്ഥാനമാക്കി 4,00,000/- രൂപയുടെ എസ്റ്റിമേറ്റ് (EST No 2018/127695) പദ്ധതിക്കായി തയ്യാറാക്കുകയും ആയതിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർസാങ്കേതികാനുമതി (TS No 94513/2018-2019) നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയായ 4,00,000/- രൂപയിൽ ഇലക്ട്രിഫിക്കേഷനായി ലംപ്സം പ്രോവിഷൻ നൽകി കാണിച്ച 1,50,000/- രൂപയും ഉൾപ്പെടുന്നു. ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയ്ക്കായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ (എസ്റ്റിമേറ്റ് നിരക്കിനേക്കാളും 0.5% കുറവ്) ഭരണസമിതി അംഗീകരിച്ചു (തീരുമാനം നം 2/1 തീയതി 09.11.2018). തുടർന്ന് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും AE/LSGD/KB/34/2018-2019 Dated 16.11.2018 പ്രകാരം പദ്ധതി നിർവ്വഹണം സംബന്ധിച്ച വ്യവസ്ഥകൾ സമ്പന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട്. കരാറുടമ്പടി പ്രകാരം പദ്ധതിയുടെ പ്രവർത്തന കലണ്ടറിൽ പറഞ്ഞ 2019 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

09.01.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം 1/2018/സഹ പ്രകാരം പ്രവൃത്തികളുടെ 25% തുക ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മുൻകൂർ അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം8485517/10.01.2019 പ്രകാരം 99,000/-രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. അതായത് എസ്റ്റിമേറ്റ് തുകയായ 4,00,000/- രൂപയിൽ ഇലക്ട്രിഫിക്കേഷനായി ലംപ്സം പ്രോവിഷൻ നൽകി കാണിച്ച 1,50,000/- രൂപയും കുടി പരിഗണിച്ചാണ് മുൻകൂർ നൽകിയിരിക്കുന്നത്. എന്നാൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറി ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ തീയതി രേഖപ്പെടുത്താത്ത കത്തിൽ മീറ്റിംഗ് ഹാളിൽ നിലവിലുള്ള സാധന സാമഗ്രികൾ മാറ്റാത്തതിനാൽ പ്രവൃത്തി ആരംഭിക്കാനായിട്ടില്ലെന്നും പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 25.04.2019 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം നമ്പർ 5 പ്രകാരം പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി 6 മാസം കടി ദീർഘിപ്പിച്ചു നൽകാനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും ശ്രീ. എ.സി. മാത്യു, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അനുമതി നൽകി. 14.05.2019 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം 2/1 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഒറിജിനൽ എസ്റ്റിമേറ്റിൽ കാര്യമായ വ്യതിയാനം വരുത്തിക്കൊണ്ട് 4,00,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന 13 ഇനങ്ങളിൽ 7 ഇനങ്ങൾ പുതുക്കിയ എസ്റ്റിമേറ്റിൽ ഒഴിവാക്കി, കൂടാതെ എക്സ്ട്രാ ഐറ്റമായി 2 ഇനങ്ങൾ പുതുതായി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയുമുണ്ടായി.

പ്രവൃത്തിയുടെ അളവ് പുസ്തകം നമ്പർ 23/2019-20, പ്രകാരം 25.02.2020 ന് ആരംഭിച്ചിട്ടുണ്ട്, 20.05.2020നു

തന്നെ പ്രവൃത്തി പൂർത്തിയുടെ മുഴുവൻ ഇനങ്ങളും മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുമുണ്ട്. പ്രവൃത്തിയുടെ ആകെ അളവ് മൂല്യം 2,38,001/-രൂപയായി കണക്കാക്കി നികുതിയിനത്തിൽ 11,900/- രൂപയും മുൻകൂറായി നൽകിയ 99,000/- രൂപയും കുറവു ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അന്തിമ ബിൽ (ചെക്ക് നം 5290742/26.08.2020) പ്രകാരം 1,27,101/-രൂപ നൽകിയിട്ടുണ്ട്.

*<u>പഞ്ചായത്ത് മീറ്റിംഗ് ഹാൾ റിപ്പയർ എന്ന പ്രവൃത്തിക്കായി മുൻകൂർ നൽകിയതിലും പ്രവൃത്തി യഥാസമയം ആരംഭിക്കാത്തതിനാൽ കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കാലാവധി നീട്ടികൊടുത്തതിലും ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുന്നു.</u>*

1). ഈ പ്രവൃത്തിക്കായി തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റ് 4,00,000/- രൂപയുടെതാണ്. ഈ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുകയും ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ (എസ്റ്റിമേറ്റ് നിരക്കിനേക്കാളും 0.5% കുറവ്) അംഗീകരിക്കുകയുമാണുണ്ടായത്. തുടർന്ന് ടെണ്ടർ തുകയുടെ 25% തുകയായ 99,000/-രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകി. എസ്റ്റിമേറ്റ് തുകയായ 4,00,000/- രൂപയിൽ ഇലക്ട്രിഫിക്കേഷനായി ലംപ്സം പ്രോവിഷൻ നൽകി കാണിച്ച 1,50,000/- രൂപയും കൂടി പരിഗണിച്ചാണ് മുൻകൂർ നൽകിയിരിക്കുന്നത്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി ചെയ്തിട്ടില്ല. എന്നാൽ ഈ പ്രവൃത്തിയുടെ യഥാർത്ഥ അളവ് മൂല്യം 2,38,001/- രൂപ മാത്രമാണ്. അതായത് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റിന്റെ 60% തുകയുടെ ആവശ്യം മാത്രമേ മാത്രമേ പദ്ധതിക്കായി വേണ്ടിയിരുന്നുള്ളൂ. പ്രവൃത്തിയുടെ യഥാർത്ഥ അളവ് മൂല്യമായ 2,38,001/- രൂപടെ 25% തുകയായ 59,500/-രൂപയുടെ മുൻകൂറിന് മാത്രമാണ് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അർഹതയുള്ളൂ. എന്നാൽ എസ്റ്റിമേറ്റ് തുക പെരുപ്പിച്ച് കാണിച്ചത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനർഹമായ സാമ്പത്തികാനുകൂല്യം ലഭിക്കുന്നതിനിടയാക്കി.

2). ഈ പ്രവൃത്തിക്കായി 10.01.2019 ന് 99,000/-രൂപ മുൻകൂറായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി കൈപറ്റിയെങ്കിലും പ്രവൃത്തി ആരംഭിച്ചത് 25.02.2020 ന് മാത്രമാണ്. അതായത് മുൻകൂർ കൈപറ്റി ഒരു വർഷത്തിനുക്കുശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുണ്ട്.

3). ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ കത്തിൽ (ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ) പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് മീറ്റിംഗ് ഹാളിൽ നിലവിലുള്ള സാധന സാമഗ്രികൾ മാറ്റിയിട്ടില്ല എന്നതാണ്. തങ്ങളുടെയല്ലാത്ത വീഴ്ചകൊണ്ടാണ് നിർമാണ പ്രവൃത്തി ആരംഭിക്കാത്തത് എന്നതിന് സ്ഥാപനം നിരത്തിയ സാങ്കേതികമായ ഒരു കാരണം മാത്രമാണിത്.

മീറ്റിംഗ് ഹാളിൽ നിലവിലുള്ള സാധന സാമഗ്രികൾ മാറ്റിയിട്ടില്ലാത്തതിനാൽ പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷയിൽ ഉദ്യോഗസ്ഥതല പരിശോധന കൂടാതെയാണ് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും അനുമതി നൽകിയത്. മുൻകൂർ കൈപറ്റിയശേഷം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയതിന് കരാർ ഉടമ്പടി പ്രകാരം മേൽ സ്ഥാപനം ഗ്രാമ പഞ്ചായത്തിന് പിഴ നൻകേണ്ടതാണ്. എന്നാൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നടപടി ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാക്കി.

4). പ്രവൃത്തിക്കായി മുൻകൂർ കൈപറ്റി ഒരു വർഷത്തോളം പ്രവൃത്തി ആരംഭിക്കാത്തതിന് മേൽ സ്ഥാപനത്തിന് പഞ്ചായത്ത്/നിർവ്വഹണോദ്യോഗസ്ഥൻ കാരണംകാണിക്കാൻ കത്ത് നൽയിട്ടില്ല.

<u>5. ളുങ്ങൽ അങ്കണവാടി ഷീറ്റിടൽ (പ്രൊജക്ട് നം 2 90/21)</u>

ളുങ്ങൽ അങ്കണവാടി ഷീറ്റിടൽ എന്ന പ്രവൃത്തിക്കായി 2018-2019 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി തയ്യാറാക്കി (പ്രൊജക്ട് നം 493/19) തയ്യാറാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ DSR 2016 (Cost Indwx 38.24%) അടിസ്ഥാനമാക്കി 1,50,000/- രൂപയുടെ എസ്റ്റിമേറ്റ് (EST No 2018/115419) പദ്ധതിക്കായി തയ്യാറാക്കുകയും ആയതിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർസാങ്കേതികാനുമതി (TS No 85004/2018-2019) നൽകിയിട്ടുണ്ട്.

ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയ്ക്കായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി

സമർപ്പിച്ച ടെണ്ടർ (എസ്റ്റിമേറ്റ് നിരക്ക്) ഭരണസമിതി അംഗീകരിച്ചു (തീരുമാനം നം 2/1 തീയതി 09.11.2018). തുടർന്ന് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും AE/LSGD/KB/37/2018-2019 Dated 16.11.2018 പ്രകാരം പദ്ധതി നിർവ്വഹണം സമ്പന്ധിച്ച വ്യവസ്ഥകൾ സംബന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട്. കരാറുടമ്പടി പ്രകാരം പദ്ധതിയുടെ പ്രവർത്തന കലണ്ടറിൽ പറഞ്ഞ 2019 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

09.01.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം 1/2018/സഹ പ്രകാരം പ്രവൃത്തികളുടെ 25% തുക ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മുൻകൂർ അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിൽ (BRN No 1820095200440100718б/29.12.2018) പ്രകാരം 37,500/-രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറി ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ തീയതി രേഖപ്പെടുത്താത്ത കത്തിൽ സൈറ്റ് മാർക്ക ചെയ്തുകിട്ടിയിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാനായിട്ടില്ലെന്നും പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 25.04.2019 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം നമ്പർ 5 പ്രകാരം പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി 6 മാസം കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും ശ്രീ. എ.സി. മാത്യു, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അനുമതി നൽകി. 14.05.2019 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം 2/1 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഒറിജിനൽ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തിക്കൊണ്ട് 1,50,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന 9 ഇനങ്ങളിൽ 1 ഇനം പുതുക്കിയ എസ്റ്റിമേറ്റിൽ ഒഴിവാക്കി. കൂടാതെ എക്സ്ട്രാ ഐറ്റമായി 7 ഇനങ്ങൾ പുതുതായി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയുമുണ്ടായി.

പ്രവൃത്തിയുടെ അളവ് പുസ്തകം നമ്പർ 31/2020-21, പ്രകാരം 16.01.2020 ന് ആരംഭിച്ചിട്ടുണ്ട്, 20.05.2020ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ അളവ് മൂല്യം 1,47,544/-രൂപയായി കണക്കാക്കി നികുതിയിനത്തിൽ 4,426/- രൂപയും മുൻകൂറായി നൽകിയ 37,500/- രൂപയും കുറവു ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അന്തിമ ബിൽ (BRN No 20200952004400891664/05.01.2021) പ്രകാരം 1,05,618/-രൂപ നൽകിയിട്ടുണ്ട്.

*<u>തുങ്ങൽ അങ്കണവാടി ഷീറ്റിടൽ എന്ന പ്രവൃത്തിക്കായി മുൻകൂർ നൽകിയതിലും പ്രവൃത്തി യഥാസമയം ആരംഭിക്കാത്തതിനാൽ കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കാലാവധി നീട്ടികൊടുത്തതിലും ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുന്നു.</u>*

1). ഈ പ്രവൃത്തിക്കായി 29.12.2018 ന് 37,500/-രൂപ മുൻകൂറായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി കൈപറ്റിയെങ്കിലും പ്രവൃത്തി ആരംഭിച്ചത് 16.01.2020 ന് മാത്രമാണ്. അതായത് മുൻകൂർ കൈപറ്റി ഒരു വർഷത്തിനുശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുണ്ട്.

2). ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ കത്തിൽ (ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ) പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് സൈറ്റ് മാർക്ക ചെയ്തുകിട്ടിയിട്ടില്ല എന്നതാണ്. തുങ്ങൽ അങ്കണവാടിക്ക് ഷീറ്റിടുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിനാണ് സ്ഥാപനം ടെണ്ടർ സമർപ്പിച്ചത്. ആയതിനാൽതന്നെ പ്രവൃത്തിയുടെ സൈറ്റ്, റോഡു പണികൾക്ക് ചെയ്നേജ് തിരിച്ച് മാർക്ക ചെയ്യുന്നതുപോലെ, പ്രത്യേകമായി മാർക്ക ചെയ്തു നൽകേണ്ട ആവശ്യമില്ല. തങ്ങളുടെയല്ലാത്ത വീഴ്ചകൊണ്ടാണ് നിർമാണ പ്രവൃത്തി ആരംഭിക്കാത്തത് എന്നതിന് സ്ഥാപനം നിരത്തിയ സാങ്കേതികമായ ഒരു കാരണം മാത്രമാണിത്.

സൈറ്റ് മാർക്ക ചെയ്തുകിട്ടിയിട്ടില്ലാത്തതിനാൽ പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷയിൽ ഉദ്യോഗസ്ഥതല പരിശോധനകൂടാതെയാണ് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും അനുമതി നൽകിയത്. മുൻകൂർ കൈപറ്റിയശേഷം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയതിന് കരാർ ഉടമ്പടി പ്രകാരം മേൽ സ്ഥാപനം ഗ്രാമ പഞ്ചായത്തിന് പിഴ നൽകേണ്ടതാണ്. എന്നാൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നടപടി ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാക്കി.

3). പ്രവൃത്തിക്കായി മുൻകൂർ കൈപറ്റി ഒരു വർഷത്തോളം പ്രവൃത്തി ആരംഭിക്കാത്തതിന് മേൽ സ്ഥാപനത്തിന് പഞ്ചായത്ത്/നിർവ്വഹണോദ്യോഗസ്ഥൻ കാരണം കാണിക്കാൻ കത്ത് നൽകിയിട്ടില്ല.

6. ബാത്തൂർ പാടശേഖരം റോഡ് വികസനം സോളിംഗ് , ടാറിംഗ് (പ്രൊജക്റ്റ് നം 2 84/21)

ബാത്തൂർ പാടശേഖരം റോഡ് വികസനം സോളിംഗ്, ടാറിംഗ് എന്ന പ്രവൃത്തിക്കായി 2018-2019 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി തയ്യാറാക്കി (പ്രൊജക്റ്റ് നം 217/19) തയ്യാറാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ DSR 2016 (Cost Indwx 38.24%) അടിസ്ഥാനമാക്കി 9,60,000/- രൂപയുടെ എസ്റ്റിമേറ്റ് (EST No 2018/64592) പദ്ധതിക്കായി തയ്യാറാക്കുകയും ആയതിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർസാങ്കേതികാനുമതി (TS No 44415/2018-2019) നൽകിയിട്ടുണ്ട്.

ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയ്ക്കായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ (₹ 8,47,990/-) ഭരണസമിതി അംഗീകരിച്ച (തീരുമാനം നം 4/1 തീയതി 29.11.2018). തുടർന്ന് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും AE/LSGD/KB/53/2018-2019 Dated 16.11.2018 പ്രകാരം പദ്ധതി നിർവ്വഹണവ്യവസ്ഥകൾ സംബന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട്. കരാറുടമ്പടി പ്രകാരം പദ്ധതിയുടെ പ്രവർത്തന കലണ്ടറിൽ പറഞ്ഞ് ഞ2019 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

09.01.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം 1/2018/സഹ പ്രകാരം പ്രവൃത്തികളുടെ 25% തുക ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മുൻകൂർ അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1,60,000/-രൂപ (BRN No 18200952004401007145/29.12.2018) ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറി ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ തീയതി രേഖപ്പെടുത്താത്ത കത്തിൽ ചെങ്കല്ല് സോളിംഗ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാനായിട്ടില്ലെന്നും പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ച നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 25.04.2019 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം നമ്പർ 5 പ്രകാരം പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി 6 മാസം കൂടി ദീർഘിപ്പിച്ച നൽകുന്നതിനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും ശ്രീ. എ.സി. മാത്യു, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അനുമതി നൽകി. 14.05.2019 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം 2/1 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ അളവ് പുസ്തകം നമ്പർ 20/2019-20, പ്രകാരം 12.02.2020 ന് ആരംഭിച്ചിട്ടുണ്ട്, 03.06.2020നു പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ അളവ് മൂല്യം 6,49,986/-രൂപയായി കണക്കാക്കി നികുതിയിനത്തിൽ 32,500/- രൂപയും മുൻകൂറായി നൽകിയ 1,60,000/- രൂപയും കുറവ് ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അന്തിമ ബിൽ (ചെക്ക് നം 5290742/26.08.2020 ) പ്രകാരം 4,57,486/-രൂപ നൽകിയിട്ടുണ്ട്.

*ബാത്തൂർ പാടശേഖരം റോഡ് വികസനം സോളിംഗ്, ടാറിംഗ് എന്ന പ്രവൃത്തിക്കായി മുൻകൂർ നൽകിയതിലും പ്രവൃത്തി യഥാസമയം ആരംഭിക്കാത്തതിനാൽ കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കാലാവധി നീട്ടികൊടുത്തതിലും ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുന്നു.*

1). അക്രഡിറ്റ് ഏജൻസിയായി ഉദയപുരം ലേബർ കോൺട്രാക്ട് മുഖേനയാണ് ഈ പദ്ധതി നിർവ്വഹണം നടത്തിയത്.. ഈ പ്രവൃത്തിക്കായി 29.12.2018 ന് 1,60,000/-രൂപ മുൻകൂറായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി കൈപറ്റിയെങ്കിലും പ്രവൃത്തി ആരംഭിച്ചത് 12.02.2020 ന് മാത്രമാണ്. അതായത് മുൻകൂർ കൈപറ്റി 13 മാസങ്ങൾക്കുശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുണ്ട്.

2). ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ 20.03.2019ലെ (ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ) കത്തിൽ പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് ചെങ്കല്ല് സോളിംഗ് പൂർത്തീകരിച്ചിട്ടില്ല എന്നതാണ്. പ്രവൃത്തിയ്ക്കായ് തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റിൽ Wet Mix Mecadam 7.5 Cm കനത്തിലാണ് ചെയ്യാനുള്ളത്. റോഡ് ടാറിംഗ് പ്രവൃത്തികളിൽ Wet Mix Mecadam 15 Cm കനത്തിലാണ് ചെയ്യേണ്ടത്. എന്നാൽ

ഈ പ്രവൃത്തിയിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി റോഡിന്റെ ബേസ് ലെയർ 7.5cm കനത്തിൽ ചെങ്കല്ല് സോളിംഗ് നടത്തിയതിനുശേഷമാണ് Wet Mix Mecadam പ്രവൃത്തിനടത്താനുദ്ദേശിച്ചത്. പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ തൊഴിലുറപ്പ് പദ്ധതി പ്രകാരം സോളിംഗ് പ്രവൃത്തി നടത്തുന്നതിന് മുൻപുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂർ തുക നൽകുകയാണുണ്ടായത്. പ്രവൃത്തി ആരംഭിക്കുന്നതിന് അത്യാവശ്യമായ ചെങ്കല്ല് സോളിംഗ് നടത്തിയതിനുശേഷം മാത്രമാണ് പ്രവൃത്തിയിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി മറ്റ് നടപടിക്രമങ്ങൾ നടത്തേണ്ടിയിരുന്നത്. എന്നാൽ സോളിംഗ് നടത്തുന്നതിന് വളരെ മുൻപുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂർ തുക നൽകുകയാണുണ്ടായത്. അതായത് മേൽ സ്ഥാപനത്തിന് മുൻകൂറായി തുക അനുവദിക്കുക എന്ന ആവശ്യത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. (പദ്ധതി നിർവ്വഹണത്തിനെ കാലതാമസം ഒഴിവാക്കുന്നതിനാണ് സോളിംഗ് നടത്തുന്നതിന് മുൻപായി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നത് എന്ന് അനുമാനിച്ചാൽതന്നെ സോളിംഗ് പ്രവൃത്തി നടത്തിയതിനുശേഷം മാത്രമാണ് മുൻകൂറായി തുക അനുവദിക്കേണ്ടിയിരുന്നത്). ഇതുമൂലം അനർഹമായ സാമ്പത്തികാനുകൂല്യം മേൽ സ്ഥാപനത്തിന് ലഭിക്കുന്നതിനിടയാക്കി. അതായത് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ വീഴ്ചയാണ്.

3). പ്രവൃത്തിക്കായി മുൻകൂർ കൈപറ്റി 13 മാസത്തോളം പ്രവൃത്തി ആരംഭിക്കാത്തതിന് മേൽ സ്ഥാപനത്തിന് പഞ്ചായത്ത്/നിർവ്വഹണോദ്യോഗസ്ഥൻ കാരണം കാണിക്കാൻ കത്ത് നൽയിട്ടില്ല.

4). പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കുടി ദീർഘിപ്പിച്ചു നൽകണമെന്ന ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ അപേക്യിൽ ഉദ്യോഗസ്ഥതല പരിശോധനകൂടാതെയാണ് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകാനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും അനുമതി നൽകിയത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനത്തിന്റെ വീഴ്ചമൂലമാണ് പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വന്നതെങ്കിൽ, കരാർ ഉടമ്പടി പ്രകാരം മേൽ സ്ഥാപനം ഗ്രാമ പഞ്ചായത്തിന് പിഴ നൽകേണ്ടതാണ്.

7. മയിൽപാറ എസ്.ടി കോളനി കുടിവെള്ള പദ്ധതി (പ്രൊജക്ട് നം 389/ 21)

മയിൽപാറ എസ്.ടി കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിക്കായി 2018-2019 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ DSR 2016 (Cost Indwx 38.24%) അടിസ്ഥാനമാക്കി 7,50,000/- രൂപയുടെ എസ്റ്റിമേറ്റ് (EST No 2018/22755) പദ്ധതിക്കായി തയ്യാറാക്കുകയും ആയതിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി (TS No 613/2018-2019) നൽകുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയ്ക്കായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ (എസ്റ്റിമേറ്റ് നിരക്ക്) ഭരണസമിതി അംഗീകരിച്ചു (തീരുമാനം നം 4/1 തീയതി 29.11.2018). തുടർന്ന് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും AE/LSGD/KB/16/2018-2019 Dated 13.09.2018 പ്രകാരം പദ്ധതി നിർവ്വഹണം സംബന്ധിച്ച വ്യവസ്ഥകൾ സംബന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട്. കരാറുടമ്പടി പ്രകാരം പദ്ധതിയുടെ പ്രവർത്തന കലണ്ടറിൽ പറഞ്ഞ2019 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

09.01.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം 1/2018/സഹ പ്രകാരം പ്രവൃത്തികളുടെ 25% തുക ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മുൻകൂർ അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം 6554089/18.01.2019 പ്രകാരം 1,87,500/-രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറി ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ തീയതി രേഖപ്പെടുത്താത്ത കത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ജലസ്രോതസ്സ് സ്വകാര്യ വ്യക്തിയുടെ കുളമാണെന്നും അവിടെ നിന്നും വെള്ളമെടുക്കുന്നതിന് സ്ഥല ഉടമ അനുവദിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കാനായിട്ടില്ലെന്നും സമീപത്തുള്ള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കുടി ദീർഘിപ്പിച്ചു നൽകുന്നതിനും അപേക്ഷിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 23.03.2019 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം നമ്പർ 3 പ്രകാരം പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി 6 മാസം കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും ശ്രീ. എ.സി. മാത്യു, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അനുമതി നൽകി. വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ തീരുമാനം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ

വിവരങ്ങൾ പ്രവൃത്തിയുടെ വർക്ക് ഫയലിൽ ഇല്ല. തുടർന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഒറിജിനൽ എസ്റ്റിമേറ്റിൽ കാര്യമായ വ്യതിയാനം വരുത്തിക്കൊണ്ട് 2,43,099/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന 36 ഇനങ്ങളിൽ 34 ഇനങ്ങളും പുതുക്കിയ എസ്റ്റിമേറ്റിൽ ഒഴിവാക്കി, കൂടാതെ എക്സ്ട്രാ ഐറ്റമായി 13 ഇനങ്ങൾ പുതുതായി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയുമുണ്ടായി.

പ്രവൃത്തിയുടെ അളവ് പുസ്തകം നമ്പർ 35/2020-21, പ്രകാരം 10.03.2020 ന് ആരംഭിച്ചിട്ടുണ്ട്, 13.07.2020ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ അളവ് മൂല്യം 2,23,738/-രൂപയായി കണക്കാക്കി നികുതിയിനത്തിൽ 6,712/- രൂപയും മുൻകൂറായി നൽകിയ 1,87,500/- രൂപയും കുറവു ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അന്തിമ ബിൽ (20200952004401088795/15.02.2021 ) പ്രകാരം 29,526/-രൂപ നൽകിയിട്ടുണ്ട്.

<u>*മയിൽപാറ എസ്.ടി കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിക്കായി മുൻകൂർ നൽകിയതിലും പ്രവൃത്തി യഥാസമയം ആരംഭിക്കാത്തതിനാൽ കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കാലാവധി നീട്ടികൊടുത്തതിലും ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുന്നു.*</u>

1). ഈ പ്രവൃത്തിക്കായി തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റ് 7,50,000/- രൂപയുടെതാണ്. ഈ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുകയും ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ (എസ്റ്റിമേറ്റ് നിരക്ക്) അംഗീകരിക്കുകയുമാണുണ്ടായത്. തുടർന്ന് ടെണ്ടർ തുകയുടെ 25% തുകയായ 1,87,500/-രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകി. എന്നാൽ പ്രവൃത്തിയുടെ യഥാർത്ഥ അളവ് മൂല്യം 2,23,738/-/-രൂപ മാത്രമാണ്. അതായത് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റിന്റെ 30% തുകയുടെ ആവശ്യം മാത്രമേ പദ്ധതിക്കായി വേണ്ടിയിരുന്നുള്ളൂ. പ്രവൃത്തിയുടെ യഥാർത്ഥ അളവ് മൂല്യമായ 2,23,738/-രൂപടെ 25% തുകയായ 55,935/-രൂപയുടെ മുൻകൂറിന് മാത്രമാണ് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അർഹതയുള്ളൂ. എന്നാൽ എസ്റ്റിമേറ്റ് തുക പെരുപ്പിച്ച് കാണിച്ചത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനർഹമായ സാമ്പത്തികാനുകൂല്യം ലഭിക്കുന്നതിനിടയാക്കി.

2). ഈ പ്രവൃത്തിക്കായി 18.01.2019 ന് 1,87,500/-രൂപ മുൻകൂറായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി കൈപറ്റിയെങ്കിലും പ്രവൃത്തി ആരംഭിച്ചത് 10.03.2020 ന് മാത്രമാണ്. അതായത് മുൻകൂർ കൈപറ്റി 13 മാസങ്ങൾക്കുശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുണ്ട്.

3). ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ കത്തിൽ (ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ) പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് പ്രവൃത്തിയുടെ ജലസ്രോതസ്സ് സ്വകാര്യ വ്യക്തിയുടെ കുളമാണെന്നും അവിടെ നിന്നും വെള്ളമെടുക്കുന്നതിന് സ്ഥല ഉടമ അനുവദിക്കുന്നില്ല എന്നതാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പുതന്നെ ജലസ്രോതസ്സ് സ്വകാര്യ വ്യക്തിയിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്. എന്നാൽ പ്രാഥമികമായി ചെയ്യേണ്ടിയിരുന്ന നടപടിക്രമങ്ങൾ പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെയടിസ്ഥാനത്തിൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂർ തുക നൽകുകയാണുണ്ടയത്. അതായത് മേൽ സ്ഥാപനത്തിന് മുൻകൂറായി തുക അനുവദിക്കുക എന്ന ആവശ്യത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ജലസ്രോതസ്സ് ഏറ്റെടുക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി മുൻകൂർ അനുവദിച്ചതുമൂലം അനർഹമായ സാമ്പത്തികാനുകൂല്യം മേൽ സ്ഥാപനത്തിന് ലഭിക്കുന്നതിനിടയാക്കി. അതായത് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ വീഴ്ചയാണ്.

4). പ്രവൃത്തിയുടെ ജലസ്രോതസ്സായ കുളത്തിൽനിന്നും വെള്ളമെടുക്കുന്നതിന് സ്ഥല ഉടമ അനുവദിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കാനായിട്ടില്ലെന്നും സമീപത്തുള്ള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷയിൽ ഉദ്യോഗസ്ഥതല പരിശോധനകൂടാതെയാണ് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകാനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും അനുമതി നൽകിയത്. മുൻകൂർ കൈപറ്റിയശേഷം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയതിന് കരാർ ഉടമ്പടി പ്രകാരം മേൽ സ്ഥാപനം ഗ്രാമ പഞ്ചായത്തിന് പിഴ നൻകേണ്ടതാണ്. എന്നാൽ

വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നടപടി ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാക്കി.

5). പ്രവൃത്തിക്കായി മുൻകൂർ കൈപറ്റി 13 മാസത്തോളം പ്രവൃത്തി ആരംഭിക്കാത്തതിന് മേൽ സ്ഥാപനത്തിന് പഞ്ചായത്ത്/നിർവ്വഹണോദ്യോഗസ്ഥൻ കാരണംകാണിക്കാൻ കത്ത് നൽയിട്ടില്ല.

8. എണ്ണപ്പാറ മുരിക്കീർ റോഡ് ടാറിംഗ് (പ്രൊജക്ട് നം 2 71/21)

എണ്ണപ്പാറ മുരിക്കീർ റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്കായി 2017-2018 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി തയ്യാറാക്കി (പ്രൊജക്ട് നം 105/18) തയ്യാറാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ DSR 2016 (Cost Indwx 38.24%) അടിസ്ഥാനമാക്കി 12,00,000/- രൂപയുടെ എസ്റ്റിമേറ്റ് (EST No 2017/93135) പദ്ധതിക്കായി തയ്യാറാക്കുകയും ആയതിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർസാങ്കേതികാനുമതി (TS No 80204/2017-2018) നൽകിയിട്ടുണ്ട്.

ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയ്ക്കായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ (₹ 11,96,012/-) ഭരണസമിതി അംഗീകരിച്ചു (തീരുമാനം നം 1/8 തീയതി 31.01.2018). തുടർന്ന് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും AE/LSGD/KB/73/1778 Dated 17.02.2018 പ്രകാരം പദ്ധതി നിർവ്വഹണം സമ്പന്ധിച്ച വ്യവസ്ഥകൾ സമ്പന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട്. കരാറുടമ്പടി പ്രകാരം പദ്ധതിയുടെ പ്രവർത്തന കലണ്ടറിൽ പറഞ്ഞ 2018 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

09.01.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം 1/2018/സഹ പ്രകാരം പ്രവൃത്തികളുടെ 25% തുക ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മുൻകൂർ അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിൽ (1820095200440046498/23.08.2018) പ്രകാരം 3,00,000/-രൂപ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറി ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ തീയതി രേഖപ്പെടുത്താത്ത കത്തിൽ റോഡിന്റെ ഗ്രേഡിയന്റ് കൂടുതലായതിനാൽ റോളർ കയറാൻ പ്രയാസമായിരിക്കുമെന്നും 36mm മെറ്റൽ ഇനം പ്രവൃത്തി കുറച്ച് GSB ആക്കിതരണമെന്നും പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 11.01.2019 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം നമ്പർ 10 പ്രകാരം പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി 30.05.2019 വരെ ദീർഘിപ്പിച്ചു നൽകാനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും ശ്രീ. എ.സി. മാത്യു, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അനുമതി നൽകി. 14.01.2019 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം 2/1 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചിട്ടുണ്ട്.

തുടർന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഒറിജിനൽ എസ്റ്റിമേറ്റിൽ കാര്യമായ വ്യതിയാനം വരുത്തിക്കൊണ്ട് 12,00,000/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന 13 ഇനങ്ങൾ കൂടാതെ എക്സ്ട്രാ ഐറ്റമായി 2 ഇനങ്ങൾ പുതുതായി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയുമുണ്ടായി.

പ്രവൃത്തിയുടെ അളവ് പുസ്തകം നമ്പർ 123/2018-19, പ്രകാരം 22.04.2019 ന് പ്രവൃത്തി ആരംഭിക്കുകയും 22.05.2019ന് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ അളവ് മൂല്യം 11,85,788/-രൂപയായി കണക്കാക്കി നികുതിയിനത്തിൽ 56,750/- രൂപയും മുൻകൂറായി നൽകിയ 3,00,000/- രൂപയും പാർട്ട് ബില്ലായി (BRN .1920095200440087OO15//26.11.2019) നൽകിയ 85,788/-കുറവു ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അന്തിമ ബിൽ (BRN. 2020095200440019765 2//25.05.2020) പ്രകാരം 7,43,200/-രൂപ നൽകിയിട്ടുണ്ട്.

*എണ്ണപ്പാറ മുരിക്കീർ റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്കായി മുൻകൂർ നൽകിയതിലും പ്രവൃത്തി യഥാസമയം ആരംഭിക്കാത്തതിനാൽ കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കാലാവധി നീട്ടികൊടുത്തതിലും ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുന്നു.*

1). അക്രഡിറ്റ് ഏജൻസിയായി ഉദയപുരം ലേബർ കോൺട്രാക്ട് മുഖേനയാണ് ഈ പദ്ധതി നിർവ്വഹണം നടത്തിയത്. ഈ പ്രവൃത്തിക്കായി 23.08.2018 ന് 3,00,000/-രൂപ മുൻകൂറായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി കൈപറ്റിയെങ്കിലും പ്രവൃത്തി ആരംഭിച്ചത് 22.04.2019 ന് മാത്രമാണ്. അതായത് മുൻകൂർ കൈപറ്റി 17 മാസത്തിനുശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനം പദ്ധതി

നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുണ്ട്.

2). ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ കത്തിൽ (ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ) പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് റോഡിന്റെ ഗ്രേഡിയന്റ് കൂടുതലായതിനാൽ റോളർ കയറാൻ പ്രയാസമായിരിക്കുമെന്നും 36mm മെറ്റൽ ഇനം പ്രവൃത്തി കുറച്ച് GSB ആക്കിതരണമെന്നുമാണ്. ഇതിൽ നിന്നും പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റ് മതിയായ സ്ഥലപരിശോധ നടത്താതെ തയ്യാറാക്കിയതാണെന്ന് വ്യക്തമാണ്. പ്രവൃത്തിക്കായ് ധൃതിപിടിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മേൽ സ്ഥാപനത്തിന് മുൻകൂറായി തുക അനുവദിക്കുക എന്ന ആവശ്യത്തിനു വേണ്ടിയാണ്. ഇതുമൂലം അനർഹമായ സാമ്പത്തികാനുകൂല്യം മേൽ സ്ഥാപനത്തിന് ലഭിക്കുന്നതിനിടയാക്കി. ഇത് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ വീഴ്ചയാണ്.

3). പ്രവൃത്തിക്കായി മുൻകൂർ കൈപറ്റി 17 മാസത്തോളം പ്രവൃത്തി ആരംഭിക്കാത്തതിന് മേൽ സ്ഥാപനത്തിന് പഞ്ചായത്ത്/നിർവ്വഹണോദ്യോഗസ്ഥൻ കാരണംകാണിക്കാൻ കത്ത് നൽയിട്ടില്ല.

4). പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷയിൽ ഉദ്യോഗസ്ഥതല പരിശോധന കൂടാതെയാണ് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും അനുമതി നൽകിയത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനത്തിന്റെ വീഴ്ചമൂലമാണ് പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വന്നതെങ്കിൽ, കരാർ ഉടമ്പടി പ്രകാരം മേൽ സ്ഥാപനം ഗ്രാമ പഞ്ചായത്തിന് പിഴ നൻകേണ്ടതാണ്.

9. കലയന്തടം കായക്കുന്ന് റോഡ്  ടാറിംഗ് (പ്രൊജക്ട് നം 2 04/21)

കലയന്തടം കായക്കുന്ന് റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്കായി 2018-2019 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി(പ്രൊജക്ട് നം 98/19) തയ്യാറാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ DSR 2016 (Cost Indwx 38.24%) അടിസ്ഥാനമാക്കി 6,00,000/- രൂപയുടെ എസ്റ്റിമേറ്റ് (EST No 2018/71699) പദ്ധതിക്കായി തയ്യാറാക്കുകയും ആയതിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി (TS No 46305/2018-2019) നൽകുകയും ചെയ്തിട്ടുണ്ട്.

ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയ്ക്കായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ(₹ 5,98,643/-) ഭരണസമിതി അംഗീകരിച്ചു. (തീരുമാനം നം 4/1 തീയതി 29.11.2018). തുടർന്ന് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും AE/LSGD/KB/64/2018-2019 Dated 12.12.2018 പ്രകാരം പദ്ധതി നിർവ്വഹണവ്യവസ്ഥകൾ സംബന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട്. കരാറുടമ്പടി പ്രകാരം പദ്ധതിയുടെ പ്രവർത്തന കലണ്ടറിൽ പറഞ്ഞ 2019 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

09.01.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം 1/2018/സഹ പ്രകാരം പ്രവൃത്തികളുടെ 25% തുക ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മുൻകൂർ അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1,49,660/-രൂപ (BRN. 18200952004401007093/29.12.2018) ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറി ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് 18.05.2019ന് നൽകിയ കത്തിൽ ചെങ്കല്ല് സോളിംഗ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാനായിട്ടില്ലെന്നും പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കടി ദീർഘിപ്പിച്ചു നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 25.05.2019 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം നമ്പർ V(12) പ്രകാരം പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി 6 മാസം കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും ശ്രീ. എ.സി. മാത്യു, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അനുമതി നൽകി. 27.05.2019 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം 1/1 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ അളവ് പുസ്തകം നമ്പർ 01/2019-20, പ്രകാരം 24.01.2020 ന് പ്രവൃത്തി ആരംഭിക്കുയും 05.02.2020നു പൂർത്തിയാക്കുയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ അളവ് മൂല്യം 5,54,768/-രൂപയായി കണക്കാക്കി

നികുതിയിനത്തിൽ 27,739/- രൂപയും മുൻകൂറായി നൽകിയ 1,49,660/- രൂപയും കുറവു ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അന്തിമ ബിൽ (BRN.19200952004401523097/17.03.2020 ) പ്രകാരം 3,77,369/-രൂപ നൽകിയിട്ടുണ്ട്.

*കലയന്തടം കായക്കുന്ന് റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്കായി മുൻകൂർ നൽകിയതിലും പ്രവൃത്തി യഥാസമയം ആരംഭിക്കാത്തതിനാൽ കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കാലാവധി നീട്ടികൊടുത്തതിലും ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുന്നു.*

1). അക്രഡിറ്റ് ഏജൻസിയായി ഉദയപുരം ലേബർ കോൺട്രാക്ട് മുഖേനയാണ് ഈ പദ്ധതി നിർവ്വഹണം നടത്തിയത്. ഈ പ്രവൃത്തിക്കായി 29.12.2018 ന് 1,49,660/-രൂപ മുൻകൂറായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി കൈപറ്റിയെങ്കിലും പ്രവൃത്തി ആരംഭിച്ചത് 24.01.2020 ന് മാത്രമാണ്. അതായത് മുൻകൂർ കൈപറ്റി 13 മാസങ്ങൾക്കുശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുണ്ട്.

2). ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ 20.03.2019ലെ (ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ) കത്തിൽ പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് ചെങ്കല്ല് സോളിംഗ് പൂർത്തീകരിച്ചിട്ടില്ല എന്നതാണ്. പ്രവൃത്തിയ്ക്കായ് തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റിൽ Wet Mix Mecadam 7.5 Cm കനത്തിലാണ് ചെയ്യാനുള്ളത്. റോഡ് ടാറിംഗ് പ്രവൃത്തികളിൽ Wet Mix Mecadam 15 Cm കനത്തിലാണ് ചെയ്യേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി റോഡിന്റെ ബേസ് ലെയർ 7.5cm കനത്തിൽ ചെങ്കല്ല് സോളിംഗ് നടത്തിയതിനുശേഷമാണ് Wet Mix Mecadam പ്രവൃത്തിനടത്താനുദ്ദേശിച്ചത്. പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ തൊഴിലുറപ്പ് പദ്ധതി പ്രകാരം സോളിംഗ് പ്രവൃത്തി നടത്തുന്നതിന് മുൻപുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂർ തുക നൽകുകയാണുണ്ടായത്. പ്രവൃത്തി ആരംഭിക്കുന്നതിന് അത്യാവശ്യമായ ചെങ്കല്ല് സോളിംഗ് നടത്തിയതിനുശേഷം മാത്രമാണ് പ്രവൃത്തിയിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി മറ്റ് നടപടിക്രമങ്ങൾ നടത്തേണ്ടിയിരുന്നത്. എന്നാൽ സോളിംഗ് നടത്തുന്നതിന് വളരെ മുൻപുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂർ തുക നൽകുകയാണുണ്ടായത്. അതായത് മേൽ സ്ഥാപനത്തിന് മുൻകൂറായി തുക അനുവദിക്കുക എന്ന ആവശ്യത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. (പദ്ധതി നിർവ്വഹണത്തിനെ കാലതാമസം ഒഴിവാക്കുന്നതിനാണ് സോളിംഗ് നടത്തുന്നതിന് മുൻപായി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നത് എന്ന് അനുമാനിച്ചാൽ തന്നെ സോളിംഗ് പ്രവൃത്തി നടത്തിയതിനുശേഷം മാത്രമാണ് മുൻകൂറായി തുക അനുവദിക്കേണ്ടിയിരുന്നത്). ഇതുമൂലം അനർഹമായ സാമ്പത്തികാനുകൂല്യം മേൽ സ്ഥാപനത്തിന് ലഭിക്കുന്നതിനിടയാക്കി. ഇത് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ വീഴ്ചയാണ്.

3). പ്രവൃത്തിക്കായി മുൻകൂർ കൈപറ്റി 13 മാസത്തോളം പ്രവൃത്തി ആരംഭിക്കാത്തതിന് മേൽ സ്ഥാപനത്തിന് പഞ്ചായത്ത്/നിർവ്വഹണോദ്യോഗസ്ഥൻ കാരണംകാണിക്കാൻ കത്ത് നൽയിട്ടില്ല.

4). പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷയിൽ ഉദ്യോഗസ്ഥതല പരിശോധനകൂടാതെയാണ് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകാനും എസ്റ്റിമേറ്റ് പുതുക്കി നൽകാനും അനുമതി നൽകിയത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനത്തിന്റെ വീഴ്ചമൂലമാണ് പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വന്നതെങ്കിൽ, കരാർ ഉടമ്പടി പ്രകാരം മേൽ സ്ഥാപനം ഗ്രാമ പഞ്ചായത്തിന് പിഴ നൻകേണ്ടതാണ്.

10. പാലക്കാൽ ആലയടുക്കം റോഡ് ടാറിംഗ് (പ്രൊജക്ട് നം 2 02/21)

പാലക്കാൽ ആലയടുക്കം റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്കായി 2017-2018 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി(പ്രൊജക്ട് നം 286/18) തയ്യാറാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ DSR 2016 (Cost Indwx 40.2%) അടിസ്ഥാനമാക്കി 5,00,000/- രൂപയുടെ എസ്റ്റിമേറ്റ് (EST No 2017/85206) പദ്ധതിക്കായി തയ്യാറാക്കുകയും ആയതിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി (TS No 24449/2017-2018) നൽകുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയ്ക്കായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ (₹ 4,92,310/-) ഭരണസമിതി അംഗീകരിച്ച

(തീരുമാനം നം 7(1) തീയതി 23.12.2017). തുടർന്ന് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും AE/LSGD/KB/66/2017-2018 Dated 15.12.2018 പ്രകാരം പദ്ധതി നിർവ്വഹണവ്യവസ്ഥകൾ സംബന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട്. കരാറുടമ്പടി പ്രകാരം പദ്ധതിയുടെ പ്രവർത്തന കലണ്ടറിൽ പറഞ്ഞ 2019 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

09.01.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം 1/2018/സഹ പ്രകാരം പ്രവൃത്തികളുടെ 25% തുക ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മുൻകൂർ അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1,25,000/-രൂപ (BRN No 182009520044004614 83/23.08.2018 ) ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറി ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് 10.02.2019ന് നൽകിയ കത്തിൽ ചെങ്കല്ല് സോളിംഗ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാനായിട്ടില്ലെന്നും പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ച് നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 23.02.2019 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം നമ്പർ VI(3) പ്രകാരം പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി 6 മാസം കൂടി ദീർഘിപ്പിച്ച് നൽകാനും എസ്റ്റിമേറ്റ് പുതുക്കി നൽകാനും ശ്രീ. എ.സി. മാത്യു, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അനുമതി നൽകി. 05.03.2019 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം 2/1 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ അളവ് പുസ്തകം നമ്പർ 02/2019-20, പ്രകാരം 04.02.2020 ന് പ്രവൃത്തി ആരംഭിക്കുയും 13.02.2020ന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ അളവ് മൂല്യം 4,88,262/-രൂപയായി കണക്കാക്കി നികുതിയിനത്തിൽ 24,414/- രൂപയും മുൻകൂറായി നൽകിയ 1,25,000/- രൂപയും കുറവു ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അന്തിമ ബിൽ (BRN No 192009520044015231 14/17.03.2020 ) പ്രകാരം 3,38,848/-രൂപ നൽകിയിട്ടുണ്ട്.

*പാലക്കാൽ ആലയടുക്കം റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്കായി മുൻകൂർ നൽകിയതിലും പ്രവൃത്തി യഥാസമയം ആരംഭിക്കാത്തതിനാൽ കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കാലാവധി നീട്ടികൊടുത്തതിലും ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുന്നു.*

1). അക്രഡിറ്റ് ഏജൻസിയായ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേനയാണ് ഈ പദ്ധതി നിർവ്വഹണം നടത്തിയത്. ഈ പ്രവൃത്തിക്കായി 23.08.2018 ന് 1,25,000/-രൂപ മുൻകൂറായി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി കൈപറ്റിയെങ്കിലും പ്രവൃത്തി ആരംഭിച്ചത് 04.02.2020 ന് മാത്രമാണ്. അതായത് മുൻകൂർ കൈപറ്റി 17 മാസങ്ങൾക്കുശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനം പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുണ്ട്.

2). ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ 20.03.2019ലെ (ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ) കത്തിൽ പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് ചെങ്കല്ല് സോളിംഗ് പൂർത്തീകരിച്ചിട്ടില്ല എന്നതാണ്. പ്രവൃത്തിയ്ക്കായ് തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റിൽ Wet Mix Mecadam 7.5 Cm കനത്തിലാണ് ചെയ്യാനുള്ളത്. റോഡ് ടാറിംഗ് പ്രവൃത്തികളിൽ Wet Mix Mecadam 15 Cm കനത്തിലാണ് ചെയ്യേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി റോഡിന്റെ ബേസ് ലെയർ 7.5cm കനത്തിൽ ചെങ്കല്ല് സോളിംഗ് നടത്തിയതിനുശേഷമാണ് Wet Mix Mecadam പ്രവൃത്തിനടത്താനുദ്ദേശിച്ചത്. പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ തൊഴിലുറപ്പ് പദ്ധതി പ്രകാരം സോളിംഗ് പ്രവൃത്തി നടത്തുന്നതിന് മുൻപുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂർ തുക നൽകുകയാണുണ്ടായത്. പ്രവൃത്തി ആരംഭിക്കുന്നതിന് അത്യാവശ്യമായ ചെങ്കല്ല് സോളിംഗ് നടത്തിയതിനുശേഷം മാത്രമാണ് പ്രവൃത്തിയിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി മറ്റ് നടപടിക്രമങ്ങൾ നടത്തേണ്ടിയിരുന്നത്. എന്നാൽ സോളിംഗ് നടത്തുന്നതിന് വളരെ മുൻപുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂർ തുക നൽകുകയാണുണ്ടായത്. അതായത് മേൽ സ്ഥാപനത്തിന് മുൻകൂറായി തുക അനുവദിക്കുക എന്ന ആവശ്യത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. (പദ്ധതി നിർവ്വഹണത്തിനെ കാലതാമസം ഒഴിവാക്കുന്നതിനാണ് സോളിംഗ് നടത്തുന്നതിന് മുൻപായി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നത് എന്ന് അനുമാനിച്ചാൽതന്നെ സോളിംഗ് പ്രവൃത്തി നടത്തിയതിനുശേഷം മാത്രമാണ് മുൻകൂറായി തുക അനുവദിക്കേണ്ടിയിരുന്നത്). ഇതുമൂലം അനർഹമായ സാമ്പത്തികാനുകൂല്യം മേൽ സ്ഥാപനത്തിന് ലഭിക്കുന്നതിനിടയാക്കി. ഇത് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ വീഴ്ചയാണ്.

3). പ്രവൃത്തിക്കായി മുൻകൂർ കൈപറ്റി 17 മാസത്തോളം പ്രവൃത്തി ആരംഭിക്കാത്തതിന് മേൽ സ്ഥാപനത്തിന് പഞ്ചായത്ത്/നിർവ്വഹണോദ്യോഗസ്ഥൻ കാരണം കാണിക്കാൻ കത്ത് നൽയിട്ടില്ല.

4). പദ്ധതിയുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷയിൽ ഉദ്യോഗസ്ഥതല പരിശോധന കൂടാതെയാണ് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകാനും എസ്റ്റിമേറ്റ് പുതുക്കി നൽകാനും അനുമതി നൽകിയത്. മുൻകൂർ കൈപറ്റിയശേഷം മേൽ സ്ഥാപനത്തിന്റെ വീഴ്ചമൂലമാണ് പദ്ധതി നിർവഹണത്തിൽ അസാധാരണമായ കാലതാമസം വന്നതെങ്കിൽ, കരാർ ഉടമ്പടി പ്രകാരം മേൽ സ്ഥാപനം ഗ്രാമ പഞ്ചായത്തിന് പിഴ നൽകേണ്ടതാണ്.

ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻകൂറായി തുക നൽകിയതുമായും പ്രവൃത്തിയുടെ പൂർത്തീകരണവുമായും ബന്ധപ്പെട്ട് പരാമർശിച്ച അപാകതകൾ സമ്പന്ധിച്ച് അനുയോജ്യമായ ഏജൻസിയെകൊണ്ട് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. മേൽ സ്ഥാപനത്തിന് മുൻകൂർ നൽകിയ പ്രവൃത്തികളിൽ കുഞ്ഞികൊച്ചി ശ്മശാനത്തിന്റെ (₹1,24,711/-BRN. 18200952004401007128/29.12.2018 ) പ്രവൃത്തി ഇനിയും പൂർത്തിയായിട്ടില്ല, കൂടാതെ പാർട്ട് ബിൽ പ്രകാരം 2,28,633/- രൂപ അനുവദിച്ച പാറക്കല്ല് അങ്കണവാടി കെട്ടിടത്തിന്റെ പ്രവൃത്തിയും പൂർത്തിയായിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമായരീതിയിൽ എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ മേൽ സ്ഥാപനത്തിന് മുൻകൂർ നൽകിയ മുഴുവൻ പ്രവൃത്തികളും അന്വേഷണ പരിധിയിയിൽ പെടുത്തണം. കൂടാതെ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി സെക്രട്ടറി പദ്ധതികളുടെ പൂർത്തീകരണ സമയം പിഴയില്ലാതെ 6 മാസം കൂടി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷകൾ ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാനാണ് നൽകിയിരിക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പിഴ കൂടാതെ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി 6 മാസം കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനും അനുമതി നൽകുകയുമാണുണ്ടായത്. ഇക്കാലയളവിൽ ഗ്രാമ പഞ്ചായത്തിലെ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ. എ.സി. മാത്യു ആയിരുന്നു. ഇദ്ദേഹം ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി വളരെയടുത്ത് പ്രവർത്തിക്കുന്ന വ്യക്തിയാണ്. നിലവിൽ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പ്രസിഡന്റാണ് ശ്രീ. എ.സി. മാത്യു. വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ തന്റെ അധികാരം വിനിയോഗിച്ച് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് അനർഹമായ സഹായം നൽകിയിട്ടുണ്ടോ എന്നകാര്യം അന്വേഷണ വിധേയമാക്കേണ്ടതാണ്. നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ തുകയും അന്തിമ ബിൽ പ്രകാരമുള്ള ആകെ അളവുമൂല്യവും തമ്മിൽ വലിയ അന്തരം ഉണ്ട്. അതുപോലെ ചില റോഡ് പ്രവൃത്തികൾ ആരംഭിക്കുന്നതിന് അത്യാവശ്യമായ ചെങ്കല്ല് സോളിംഗ് നടത്തുന്നതിന് മുൻപും സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിന് മുൻപും ജലസ്രോതസ്സ് ഉറപ്പാക്കുന്നതിന് മുൻപും ഒക്കെയാണ് മേൽ സ്ഥാപനത്തിന് മുൻകൂർ നൽകിയിട്ടുള്ളത്. നിർവ്വഹണോദ്യോഗസ്ഥൻ എന്ന നിലയിൽ തന്റെ അധികാരം വിനിയോഗിച്ച് ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് അനർഹമായ സഹായം നൽകിയിട്ടുണ്ടോ എന്നകാര്യവും അന്വേഷണ വിധേയമാക്കേണ്ടതാണ്.

1-22 അനുപൂരക പോഷകാഹാരം - ജനറൽ- രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 38640/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 346/21 - അനുപൂരക പോഷകാഹാരം - ജനറൽ |
| അടങ്കൽ | വി.ഫ (ജനറൽ) - 38640/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 688201/- |
| ചെലവ്<br>വി.ഫ (ജനറൽ) - 38640/- | ബിൽ നമ്പർ / തീയതി / തുക:<br>20200952004600184179 11/06/2020 38640/- |
| നിർവ്വഹണ ഉദ്യാഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 202009520046001841 79 | 11/06/2020 | 38640/- |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡിന് 11/06/2020 ൽ ബിൽ നമ്പർ 202009520046001841 79 പ്രകാരം തുക നൽകിയിട്ടുണ്ട്. (കൈപ്പറ്റ് രസീത് നമ്പർ 006682, 12/06/2020).

എന്നാൽ മേൽ തുകയ്ക്കുള്ള ഇൻവോയിസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഏതെല്ലാം ഇനങ്ങളാണ് വാങ്ങിയിട്ടുള്ളത് എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/30.06.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 38640/- രൂപ തടസ്സപ്പെടുത്തുന്നു.

ഇൻവോയിസ്, ലഭ്യമായ ഇനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / ബത്ത- പൊതുവിഭാഗം- രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 247800/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 347/21 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / ബത്ത- പൊതുവിഭാഗം |
| അടങ്കൽ | വി.ഫ (ജനറൽ) - 36000/-<br>ബ്ലോക്ക് പഞ്ചായത്ത് - 500000/-<br>ജില്ലാ പഞ്ചായത്ത് - 400000/- |
| ചെലവ്<br>വി.ഫ (ജനറൽ) - 36000/-<br>ബ്ലോക്ക് പഞ്ചായത്ത് -200100/-<br>ജില്ലാ പഞ്ചായത്ത് - 247800/- | (see bill table below) |
| നിർവ്വഹണ ഉദ്യാഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 20200952004600184176 | 11/06/2020 | 36000/- |
| 20200952004600247353 | 12/06/2020 | 200100/- |
| 20200952004600247355 | 12/06/2020 | 247800/- |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / ബത്ത- പൊതുവിഭാഗം ഇനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായ 247800/- രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ (എത്ര പേർക്ക് ആനുകൂല്യം നൽകി, തുക അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14 – 1/ 01.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 247800/- രൂപ തടസ്സപ്പെടുത്തുന്നു. 247800/- രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-24 അനുപൂരക പോഷകാഹാരം - ജനറൽ- രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 1849/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 99/21 - അനുപൂരക പോഷകാഹാരം - ജനറൽ |
| അടങ്കൽ | വി.ഫ (ജനറൽ) - 1000000/-<br>കേന്ദ്രാവിഷ്കൃതഫണ്ട് - 2000000/- |
| ചെലവ്<br>വി.ഫ (ജനറൽ) - 1000000/-<br>കേന്ദ്രാവിഷ്കൃതഫണ്ട് - 2000000/- | (see bill table below) |
| നിർവ്വഹണ ഉദ്യാഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 20200952004600233797 | 8/06/2020 | 646726/- |
| 20200952004600233800 | 8/06/2020 | 290596/- |
| 20200952004600279310 | 26/06/2020 | 48794/- |
| 20200952004600887559 | 7/01/2021 | 13884/- |
| 5120001101200018 | 24/08/2020 | 497080/- |
| 5120001101200019 | 24/08/2020 | 265028/- |
| 5120001101200017 | 24/08/2020 | 49789/- |
| 5120001101200023 | 31/10/2020 | 304418/- |
| 5120001101200025 | 4/01/2021 | 511302/- |
| 5120001101200026 | 14/01/2021 | 302055/- |
| 5120001101200032 | 4/03/2021 | 70328/- |

മേൽ പദ്ധതിയിൽ ബിൽ നമ്പർ 512000101200032 പ്രകാരം 4/03/2021 ൽ 70328/- രൂപ ചെലവഴിച്ചതിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ 63420/- രൂപയും കെ.എസ്.സി.സി.എഫ് ലിമിറ്റഡിന് 5059/- രൂപയും ദീപ്തി അമൃതം ഫുഡിന് 1849/- രൂപയും നൽകിയിട്ടുണ്ട്. ഇതിൽ ദീപ്തി അമൃതം ഫുഡിൽ നിന്നുള്ള ഇൻവോയിസ്, സ്റ്റോക്കിൽ എടുത്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14-2/01.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 1849/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-25 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് മുൻകൂർ- അക്കൗണ്ടിങ്ങിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾക്കായി 2019-20 വർഷം മുതൽ പഞ്ചായത്ത് മുൻകൂറായി തുകകൾ അനുവദിച്ച് വരുന്നുണ്ട്. സ.ഉ. (കൈ) നം. 22/2018/ത.സ്വ.ഭ.വ തി: 14-2-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയുടെ ക്രമ നം. 8.8 പ്രകാരം ഇപ്രകാരം നിർവഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ അനുവദിക്കാവുന്നതാണ്.

2020-21 വർഷം ഇങ്ങനെ മുൻകൂർ അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| | *നിർവഹണ ഉദ്യോഗസ്ഥൻ.* | *തുക* | വൗച്ചർ നം & തീയ്യതി |
|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 43,766 | 320/22.7.20 |
| 2 | മെഡിക്കൽ ഓഫീസർ (PHC) | 2,50,000 | 321/22.7.20 |
| 3 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 75,000 | 31/23.10.20 |
| 4 | കൃഷി ഓഫീസർ | 60,000 | 30/23.10.20 |
| 5 | വെറ്ററിനറി സർജൻ | 75,000 | 571/28.9.20 |
| 6 | വി.ഇ.ഒ | 10,000 | 116/25.11.20 |
| | ആകെ | 5,13,766 | |

.ഈയിനത്തിലെ ലെഡ്ജർ വിവരങ്ങളുടെ സംഗ്രഹം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,54,793 |
| തൻ വർഷം നല്കിയത് | 5,13,766 |
| ആകെ | 6,68,559 |
| ക്രമീകരിച്ചത് | 4,02,616 |
| നീക്കി ബാക്കി | 2,65,943 |

ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപെടുത്തുന്നു.

1).2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം ഇങ്ങനെ നല്കിയ മുൻകൂർ തുക ചെലവായി കഴിയുമ്പോൾ ആയതിന്റെ രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിശ്ചിത തീയതിക്കകം ക്രമീകരിക്കാത്ത തുകകൾ പലിശ സഹിതം തിരിച്ചീടാക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ തൻവർഷം നീക്കി ബാക്കി നിൽക്കുന്ന തുകകൾ ക്രമീകരിച്ചതായി കാണുന്നില്ല.

2).സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തി: 29-1--2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗരേഖയുടെ ഖണ്ഡിക നം. 11.4 പ്രകാരം നിർവഹണം പൂർത്തിയാകുമ്പോൾത്തന്നെ അതാതു നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കണം. ഇതിനായി വർഷാവസാനത്തേക്ക് കാത്തു നിൽക്കരുത്. എന്നാൽ അതാതു സമയം ചെലവു വിവരം അറിയിച്ച് മുൻകൂർ ക്രമീകരിച്ചതായി കാണുന്നില്ല.

3).2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 16 (1) പ്രകാരം ഓരോ നിർവഹണ ഉദ്യോഗസ്ഥനും TR 7A കാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽ നിന്നുമുള്ള പണമിടപാടുകളും രേഖപ്പെടുത്തേണ്ടതുമാണ്. വ്യത്യസ്ത പഞ്ചായത്തുകളുടെ നിർവഹണം നടത്തുന്നുണ്ടെങ്കിൽ, ഓരോ

പഞ്ചായത്തിനെയും സംബന്ധിച്ച ഇടപാടുകൾ രേഖപ്പെടുത്താൻ പ്രത്യേകം സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുകളിൽ കാണിച്ച എല്ലാ നിർവഹണ ഉദ്യോഗസ്ഥരും കണ്ടിജന്റ് ചെലവിനായി തങ്ങൾക്ക് ലഭിച്ച തുകകൾ, അവ ലഭിച്ച തിയ്യതിയിൽ കാഷ് ബുക്കിൽ വരവ് കാണിക്കുകയും അന്നേ ദിവസം തന്നെ ബാങ്കിൽ നിക്ഷേപിച്ചതായി ചെലവ് കാണിച്ച് ക്ലോസിംഗ് ബാലൻസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തതായി കാണുന്നു. ഇത് ക്രമത്തിലല്ല. ഗ്രാമ പഞ്ചായത്ത്/നഗര സഭ തുടങ്ങിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ തുടർന്നു വരുന്ന ഡബിൾ എൻട്രി അടിസ്ഥാനത്തിലുള്ള അക്രൂവൽ അക്കൗണ്ടിങ്ങ് സമ്പ്രദായത്തിൽ കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ജേണൽ ബുക്ക് തുടങ്ങിയ അക്കൗണ്ട് പുസ്തകങ്ങൾ സൂക്ഷിക്കുമ്പോൾ മാത്രമേ ബാങ്കിൽ പണം നിക്ഷേപിക്കുമ്പോൾ കാഷ് ബുക്കിൽ ചെലവ് കാണിക്കാൻ പറ്റുകയുള്ളൂ. മറ്റു സർക്കാർ ഓഫീസുകളിൽ കാഷ് അടിസ്ഥാനത്തിലുള്ള സിംഗിൾ എൻട്രി അക്കൗണ്ടിങ്ങാണ് പാലിക്കുന്നതെന്നതിനാൽ, ഉദ്യോഗസ്ഥന്റെ പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടിലേയും നീക്കിയിരുപ്പ് തുകയും, സ്ഥിരം മുൻകൂർ (PA) തുകയും കാഷ് ബുക്കിൽ നീക്കിയിരുപ്പ് തുകയായി രേഖപ്പെടുത്തേണ്ടതാണ്.

4).ടി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 16(3) പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ തൊട്ടടുത്തമാസം 5-ാം തിയ്യതിക്ക് മുമ്പായി അലോട്ട്മെന്റുകളുടെ ചെലവ് സ്റ്റേറ്റ്മെന്റ് സെക്രട്ടറിക്ക് നൽകേണ്ടതാണ്. ഇത്തരം നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും, തുടർ വർഷങ്ങളിൽ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-26 കാർഷിക മേഖലയിലെ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല.

2020-21 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 4 സ്പിൽ ഓവർ പ്രൊജക്ടുകളടക്കം 20 പ്രൊജക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്. ആയതിന് താഴെ പറയും പ്രകാരം വിവിധ ഫണ്ടുകളിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്.

| ഫണ്ട് | വികസന ഫണ്ട് | വികസനഫണ്ട് ടി എസ് പി | തനത് ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാപഞ്ചായത്ത് വിഹിതം | MGനോൺ റോഡ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|
| അടങ്കൽ | 85,50,733 | 9,00,000 | 13,73,500 | 8,76,451 | 7,60,000 | 1,30,000 | 12,31,316 | 1,38,22,000 |
| ചെലവ് | 75,34,003 | 8,08,280 | 46,250 | 4,65,387 | 5,10,000 | 1,30,000 | 0 | 94,93,920 |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിട്ടും അപാകത തുടർന്നു വരികയാണ്. കാർഷിക മേഖലയിലെ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിയ്ക്കേണ്ടതാണ്.

## 1-27 നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ, വെറ്റിനറി സർജ്ജൻ എന്നിവർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 12.04.2006 ലെ ജി.ഒ (പി) നം.177/2006 ഉത്തരവിൽ നിഷ്കർഷിച്ച മാതൃകയിലുള്ള ഔദ്യോഗിക ക്യാഷ് ബുക്കിൽ (TR 7A) ഡിപ്പാർട്ട്മെന്റ് ഫണ്ടുകളോടൊപ്പം തന്നെ ഗ്രാമ പഞ്ചായത്ത് ഫണ്ടിന്റെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കണം എന്ന വ്യവസ്ഥ പാലിക്കുന്നില്ല. ക്യാഷ് ബുക്ക് സൂക്ഷിക്കുന്നത് സംബന്ധിച്ച് 12.04.2006 ലെ ജി.ഒ (പി) നം.177/2006 ഉത്തരവിൽ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശം കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ട എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകേണ്ടതാണ്.

## 1-28 വികസനരേഖ തയ്യാറാക്കൽ - അധിക ചെലവ് തടസ്സപ്പെടുത്തുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, 2015-20 കാലയളവിലെ ഭരണസമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ, വികസനനേട്ടങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാൻ ലഘുപുസ്തകങ്ങൾ, ബ്രോഷറുകൾ, പോസ്റ്ററുകൾ പോലുള്ളവ തയ്യാറാക്കാവുന്നതാണെന്നും ഇതിനായി പരമാവധി ₹1,00,000/- തനത് ഫണ്ടിൽ നിന്നും

ചെലവഴിക്കുന്നതിനും അനുമതി നൽകിയിരുന്നു (സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മറ്റിയുടെ 25.02.2020 ലെ തീരുമാനപ്രകാരം). ഇതനുസരിച്ച് പഞ്ചായത്തിലെ 19 വാർഡുകളിലേക്കായി 600 കോപ്പി വീതം (ആകെ 11400 എണ്ണം) ജനപക്ഷം സുഭിക്ഷം എന്ന പേരിൽ കൈപുസ്തകങ്ങൾ അച്ചടിച്ചതിന്, ഇൻവോയിസ് നം:3512/02.11.2020 പ്രകാരം ജനത കോപ്പറേറ്റീവ് പ്രസ്സ് , കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന് ₹2,00,000/- രണ്ട് തവണയായി നൽകിയിട്ടുണ്ട് (ചെക്ക് നം.5290765 / 13.11.2020 : 95180 + 4820 (IT-TDS) & ചെക്ക് നം.5290798 / 25.03.2021 : 98500 + 1500 (IT-TDS)). സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികമായി വിനിയോഗിച്ച ₹1,00,000/- ചെലവ് തടസ്സപ്പെടുത്തുന്നു.

അധിക തുകക്ക് സാധൂകരണം ലഭ്യമാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതായാണ് അറിയിച്ചിട്ടുള്ളത്. സാധൂകരണം ലഭ്യമാകാത്തപക്ഷം അധിക തുക വിനിയോഗിക്കുന്നതിനായി 30.10.2020 ലെ അടിയന്തിര യോഗത്തിൽ തീരുമാനമെടുത്ത പഞ്ചായത്ത് കമ്മറ്റി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും ഈ തുക തുല്യമായി ഈടാക്കേണ്ടതാണ്. ഈ യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | വാർഡിന്റെ പേര് | മെമ്പറുടെ പേര് |
|---|---|---|---|
| 1 | 3 | ഉദയപുരം | ശ്രീലത പി വി |
| 2 | 4 | കോടോം | സി കുഞ്ഞിക്കണ്ണൻ |
| 3 | 7 | ചക്കിട്ടടുക്കം | സുമിത്ര ടി പി |
| 4 | 8 | ബേളൂർ | ഇന്ദിര പി |
| 5 | 9 | അട്ടക്കണ്ടം | പുഷ്പ എം |
| 6 | 10 | ബാനം | ഉഷ ടി വി |
| 7 | 11 | ആനപ്പെട്ടി | ഭൂപേഷ് |
| 8 | 12 | മൈയ്യങ്ങാനം | മുഹമ്മദ് മുസ്തഫ |
| 9 | 13 | കാലിച്ചാനടുക്കം | അനീഷ് കുമാർ |
| 10 | 15 | തായന്നൂർ | സജിത |
| 11 | 16 | എണ്ണപ്പാറ | ബിന്ദുലേഖ എൻ വി |
| 12 | 18 | പറക്ലായി | സി കുഞ്ഞമ്പു |

(ഓഡിറ്റ് എൻക്വയറി നം:18 /01.07.2022)

### 1-29 വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണം ചെയ്ത രണ്ട് നിക്ഷേപ പ്രവൃത്തികളിൽ , നിക്ഷേപ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പദ്ധതിയുടെ പേര് | നിർവഹണ ഏജൻസി | തുക, ബിൽ നം(BRN) |
|---|---|---|---|

| | | | |
|---|---|---|---|
| നം | | | |
| 1 | അത്തിയടുക്കംപാറ കുടിവെള്ള പദ്ധതി (225/2021 സ്പിൽ ഓവർ) | കേരള വാട്ടർ അതോറിറ്റി (SBI, A/c No:67148032562) | 500000/- 202000952005400185077 / 11.04.2020 |
| 2 | പിണ്ടിക്കടവ് പാലം (GP Share) | ജില്ലാ കളക്ടർ കാസറഗോഡ് (ട്രഷറി A/c No:720011400000024) | 400000/- 202000952005400185076 / 11.04.2020 |

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കുന്നതിന് വിധേയമായി 9,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം:18 /01.07.2022)

1-30 ജനപ്രതിനിധികൾക്ക് യാത്രാബത്ത - ട്രെയിൻ ടിക്കറ്റുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

കോടോം-ബേളൂർ ഗ്രാമ പഞ്ചായത്തിലെ പ്രസിഡന്റ് ,വൈസ് പ്രസിഡന്റ്,സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺമാർ,മറ്റ് വാർഡ് മെമ്പർമാർ എന്നിവർ 05/2019 മുതൽ 03/2020 വരെ നടത്തിയ ഔദ്യോഗിക യാത്രകൾക്ക് ബത്ത അനുവദിച്ചിട്ടുണ്ട് (ചെക്ക് നം.502570 /06.05.2020. തുക ₹53,853/-). ഇവർ സമർപ്പിച്ച ടൂർ ഡയറിയിലും അത് പ്രകാരം തയ്യാറാക്കിയ ബില്ലിലും ട്രെയിൻ മാർഗ്ഗം സഞ്ചരിച്ചതായി സൂചിപ്പിച്ചിട്ടുള്ള യാത്രകളുടെ ട്രെയിൻ ടിക്കറ്റുകൾ ലഭ്യമല്ല. ട്രെയിൻ ടിക്കറ്റുകൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/01.07.2022) മറുപടി നൽകുകയുണ്ടായില്ല. യാത്രയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജനപ്രതിനിധി | യാത്രാ തിയതി | യാത്രയുടെ ഉദ്ദേശ്യം | ബിൽ പ്രകാരം അനുവദിച്ച തുക | ആകെ |
|---|---|---|---|---|---|
| 1 | സി കുഞ്ഞിക്കണ്ണൻ (പ്രസിഡന്റ്) | 01.05.2019 മുതൽ 03.05.2019 വരെ | കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട്, MP ഉൾപ്പടെയുള്ള പ്രതിനിധി സംഘത്തോടൊപ്പം തിരുവനന്തപുരത്തിന് പോയി വന്നത് | 4,059 | 15,575 |
| | | 17.05.2019 | ജലനിധിയുമായി ബന്ധപ്പെട്ട യോഗത്തിൽ പങ്കെടുക്കുന്നതിന് കോഴിക്കോട് പോയി വന്നത് | 1,779 | |
| | | 15.06.2019 | വകുപ്പ് മന്ത്രി വിളിച്ച യോഗത്തിൽ പങ്കെടുക്കുന്നതിന് കണ്ണൂർ | 1,599 | |

| | | | | | |
|---|---|---|---|---|---|
| | | | ജില്ലാ ബാങ്ക് ഓഡിറ്റോറിയത്തിൽ പോയി വന്നത് | | |
| | | 22.10.2019 മുതൽ 24.10.2019 വരെ | പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ കണ്ട്, പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി തിരുവനന്തപുരത്തിന് പോയി വന്നത് | 4,059 | |
| | | 26.12.2019 മുതൽ 28.12.2019 വരെ | പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ കണ്ട്, ഫണ്ട് സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനായി തിരുവനന്തപുരത്തിന് പോയി വന്നത് | 4,059 | |
| 2 | ഉഷ പി.എൽ. (വൈസ് പ്രസിഡന്റ്) | 17.05.2019 | ജലനിധിയുമായി ബന്ധപ്പെട്ട യോഗത്തിൽ പങ്കെടുക്കുന്നതിന് കോഴിക്കോട് പോയി വന്നത് | 1,903 | 1,903 |
| 3 | ഭ്രുപേഷ് കെ. (ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ) | 01.05.2019 മുതൽ 03.05.2019 വരെ | കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട്, MP ഉൾപ്പടെയുള്ള പ്രതിനിധി സംഘത്തോടൊപ്പം തിരുവനന്തപുരത്തിന് പോയി വന്നത് | 4,059 | 4,059 |
| ആകെ | | | | 21,537 | 21,537 |

സർക്കാർ ഉത്തരവ് (അച്ചടി)നം.150/2019/ധന/05.11.2019 പ്രകാരം യാത്രാ ചെലവുകൾ പ്രതിമാസ/ത്രൈമാസ യാത്രാപരിധിയിൽ അധികരിക്കുന്നപക്ഷം, ട്രെയിൻ മാർഗ്ഗം നടത്തിയ യാത്രകളുടെ യഥാർത്ഥ ടിക്കറ്റുകൾ ബില്ലുകൾക്കൊപ്പം സമർപ്പിക്കേണ്ടതാണ്.ഈ കാര്യം പരിശോധിച്ച് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-31 സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി) -ന് ബാന്റ് സെറ്റ് -പൊതു അപാകതകൾ

ഹെഡ്മാസ്റ്റർ നിർവഹണം ചെയ്ത GHSS കോടോത്ത്, SPC ക്ക് ബാൻഡ് സെറ്റ് (സ്പിൽ ഓവർ നം.344/21) എന്ന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ₹2,00,000/- തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം / സ്വീകർത്താവ് | തുക |
|---|---|---|
| 1 | സരസ്വതി മ്യൂസിക്കൽസ്, കോഴിക്കോട് (Drums,Buggles,Majors Stick Etc) | 120000 |
| 2 | Cap N Boots, കോഴിക്കോട് (Caps,Boots, Uniform Cloths Etc) | 28000 |
| 3 | GoodLuck Tailors, വെള്ളൂർ (കെ.വി.അമ്പു) | 52000 |

പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പട്ടികയിലെ ക്രമ നം.2,3 എന്നിവയിലെ ചെലവുകൾക്കായി വികസനഫണ്ട് ഉപയോഗിച്ചത് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമല്ല. ബാന്റ് സെറ്റിലെ അംഗങ്ങളുടെ യൂണിഫോം, ബൂട്സ്, തൊപ്പികൾ മറ്റ് ചമയങ്ങൾ എന്നിവ ഗുണഭോക്തൃ വിഹിതമോ, മറ്റ് സ്പോൺസർഷിപ്പുകളിലൂടെയോ കണ്ടെത്തേണ്ടതായിരുന്നു. ഇത്തരം സംഗതികൾ ഓരോ അംഗത്തിന്റെയും തനത് (Unique) വസ്തുക്കളാണ്. അവ തുടർന്നു വരുന്നവർക്ക് അനുയോജ്യമാകണമെന്നില്ല, കാരണം ബാന്റ് സെറ്റ് ടീമിന് ഇവയുടെ പൂർണ്ണതയും കൃത്യതയും സൗകുമാര്യവും വളരെ പ്രധാനപ്പെട്ടതാണ്.

2. SPC യുടെ പ്രവർത്തനങ്ങൾക്ക് സാധാരണയായി പഞ്ചായത്തുകൾ ₹50,000 ആണ് വകയിരുത്താറുള്ളത്.

3. കുട്ടികളിൽ സേവന തൽപരത, അച്ചടക്കം, സംഘശക്തി, അർപ്പണബോധം തുടങ്ങിയവ വളർത്തുന്നതിനും ശീലിപ്പിക്കുന്നതിനുമാണ് SPC യുടെ പ്രവർത്തനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

തുടർ വർഷങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇക്കാര്യങ്ങൾ പരിഗണനയിൽ എടുക്കേണ്ടതാണ്.

1-32 തെരുവ് വിളക്ക് സ്ഥാപിക്കൽ -പദ്ധതി നിർവഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പദ്ധതിക്കായി (തെരുവ് വിളക്ക് പ.നം.386/21) ₹ 9,00,000/- വകയിരുത്തിയിരുന്നത്. ഇതിൽ ₹ 4,10,000/-ധനകാര്യ കമ്മീഷൻ ഗ്രാന്റും ₹4,90,000/- തനത് ഫണ്ടുമായാണ് നിശ്ചയിച്ചിരുന്നത്. പദ്ധതിക്കായി ₹ 8,96,800/- ചെലവഴിച്ചിട്ടുണ്ട് (BRN 20200095200540118109 /03.03.2021 പ്രകാരം ₹ 4,10,000/-, ചെക്ക് നം .5290797/23.03.21 പ്രകാരം ₹ 4,86,800/-).

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ LED തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. കേരളാ ഇലക്ട്രിക്കൽ &അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കുണ്ടറ, കൊല്ലം (കെൽ) മുഖാന്തിരം നേരിട്ടാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിക്കായി ഇൻവോയ്സ് നം.0746/06.02.2021 പ്രകാരം കെൽ 24Watts (Automatic Operation) ന്റെ 236 LED Lights (3 വർഷം വാറണ്ടിയുള്ളത്) വിതരണം

ചെയ്തിട്ടുണ്ട്. ഒന്നിന് 3800/-രൂപ നിരക്കിൽ (12% GST ഉൾപ്പടെ) ആകെ 8,96,800/-രൂപ കെൽ - ന് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.57033061452/SBI കണ്ടറ).

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിളക്കുകൾ മാറ്റി / പുതുതായി സ്ഥാപിക്കേണ്ട പോസ്റ്റുകൾ ഏതെല്ലാമാണെന്ന കണക്ക് തയ്യാറാക്കിയില്ല. ഇത് സംബന്ധിച്ച് പരിശോധനകൾ നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

2. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന KSEB യുടെ മൂന്ന് ഇലക്ട്രിക്കൽ സെക്ഷനുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോട്, അതത് വൈദ്യുതി സെക്ഷൻ പരിധിയിൽ വരുന്ന തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പർ, പവർ, തരം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കത്തുകൾ (SC1-3585 /2020 /Lf.08.10.2020) നൽകിയിരുന്നുവെങ്കിലും, വിശദാംശങ്ങൾ ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

3.ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള ആദ്യത്തെ 188എണ്ണത്തിന്റെ ഒപ്പം സ്ഥാപിച്ച സ്ഥലങ്ങളും വാർഡുകളും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം പോസ്റ്റുകളുടെ നമ്പറുകൾ ചേർത്തിട്ടില്ല. അവശേഷിക്കുന്ന 48 എണ്ണത്തോടൊപ്പം (236-188) വാർഡിന്റെ വിശദാംശങ്ങൾ ചേർത്തിട്ടില്ല. അതിനാൽ വാറന്റി കാലയളവിലുണ്ടാകുന്ന നഷ്ടങ്ങളിൽ ഇവയെ തിരിച്ചറിയുക പ്രായോഗികമല്ല.

4. തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളുടെ നമ്പറുകൾ, ഇൻസ്റ്റലേഷൻ വിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

ഒരു തെരുവ് വിളക്കിന് ₹3800/- നിരക്കിൽ വിനിയോഗിക്കേണ്ടതായി വന്ന സാഹചര്യത്തിൽ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കേണ്ടതും തെരുവ് വിളക്കുകൾ യഥാവിധം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. വാറന്റി കാലയളവിലുണ്ടാകുന്ന കേടുപാടുകൾ കൃത്യമായി പരിഹരിക്കുന്നതിനും ഇത് സഹായകരമായിരിക്കും.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഉങ്ങൽ മിച്ചഭൂമികോളനി ഫൂട്ട് പാത്ത് കോൺക്രീറ്റ്-പദ്ധതിയുടെ നിർവഹണം നടത്തിയ അക്രഡിറ്റ് ഏജൻസിക്ക് കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചു- അധികം നൽകിയ തുക തിരികെ ഈടാക്കണം.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

25.07.2017 ലെ ജി.ഒ.(പി) നം 95/2017/ഫിൻ പ്രകാരം അക്രഡിറ്റ് ഏജൻസികളെ നേരിട്ട് എൽപ്പിക്കുന്ന പ്രവൃത്തികൾക്ക് കരാറുകാരന്റെ ലാഭം (CP) അനുവദനീയമല്ല. അക്രഡിറ്റ് ഏജൻസികൾ ടെണ്ടറിൽ പങ്കെടുത്ത് പ്രവൃത്തികൾ ലഭിക്കുന്നുവെങ്കിൽ മാത്രമാണ് കരാറുകാരന്റെ ലാഭം (CP) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ പാടുള്ളു. അക്രഡിറ്റ് ഏജൻസികൾ നേരിട്ട് ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ഓവർഹെഡ് ചാർജ്ജും സെന്റേജ് ചാർജ്ജും എസ്റ്റിമേറ്റുതുകയുടെ കൂടെ അനുവദനീയമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് അക്രഡിറ്റ് ഏജൻസി മുഖേന നിർവ്വഹണം നടത്തിയ ഉങ്ങൽ മിച്ചഭൂമികോളനി ഫൂട്ട് പാത്ത് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 10% കരാറുകാരന്റെ ലാഭം (CP) തെറ്റായി അനുവദിച്ചതുമൂലം 11,321/- രൂപയുടെ അധിക ചെലവ് ഗ്രാമ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച് വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ 408/18, 386/19, 274/20 & 277/21 (ഉങ്ങൽ മിച്ചഭൂമികോളനി ഫൂട്ട് പാത്ത് കോൺക്രീറ്റ് ) |
| അടങ്കൽ | ₹ 7 ലക്ഷം രൂപ (മെയിന്റനൻസ് ഫണ്ട്-റോഡ്) |
| എസ്റ്റിമേറ്റ് | ₹ 6,59,195/- (EST NO: 2018/5746) |

| | | | |
|---|---|---|---|
| സാങ്കേതികാനുമതി | ₹ 6,59,195/- TSNo. 98888/2018-2019 (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക് പഞ്ചായത്ത്). | | |
| എം. ബുക്ക് നം. | 18/2019-2020 | | |
| ആകെ അളവ് മൂല്യം | ₹ 6,22,676/- | | |
| അക്രഡിറ്റ് ഏജൻസി | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി | | |
| എഗ്രിമെന്റ് നമ്പർ | AE/KB/118-17-18 Dated 31.03.2018 | | |
| അക്രഡിറ്റ് ഏജൻസിക്ക് നൽകിയ തുകയുടെ വിവരം | ബിൽ നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | BRN 18200952004400461524/23.08.2018 (മുൻകൂർ) | ₹ 1,40,000/- | ₹ 1,40,000/- |
| | BRN 20200952004400338438/10.07.2020 (അന്തിമ ബിൽ) | ₹ 4,82,676/- | ₹ 4,51,541/- |
| | ആകെ | ₹ 6,22,676/- | ₹ 5,91,541/- |

ളുങ്ങൽ മിച്ചഭൂമികോളനി ഫൂട്ട് പാത്ത് കോൺക്രീറ്റ് എന്ന പ്രവൃത്തിക്കായി MoRD 2016 (Cost Indwx 38.24%) പ്രകാരം 6.59 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പദ്ധതി തയ്യാറാക്കി 2019-20, 2020-2021 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 6 ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള 6 ഇനം പ്രവൃത്തികളുടെയും നിരക്കുകളിൽ 10% കരാറുകാരന്റെ ലാഭം (CP) ഉൾപ്പെടുന്നുണ്ട്.

ഈ പ്രവൃത്തി ടെണ്ടർ ചെയ്യാതെ അക്രഡിറ്റ് ഏജൻസിയായ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിയെ നേരിട്ട് ഏൽപ്പിക്കുകയാണുണ്ടായത്. പിന്നീട് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസുചെയ്യുകയുകയുണ്ടായി. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അടങ്കൽ തുക 6,42,000/-രൂപയാണ്. പുതുക്കിയ എസ്റ്റിമേറ്റും തയ്യാറാക്കിയിരിക്കുന്നത് MoRD 2016 (Cost Indwx 38.24%) അടിസ്ഥാനമാക്കിയാണ്. പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള 5 ഇനം പ്രവൃത്തികളുടെയും നിരക്കുകളിലും 10% കരാറുകാരന്റെ ലാഭം (CP) ഉൾപ്പെടുന്നുണ്ട്.

പ്രവൃത്തിയുടെ അളവുപുസ്തകം (പേജ് നം 12 മുതൽ 18 വരെ) പ്രകാരം 6,22,676/-രൂപ അളവുമൂല്യം കണക്കാക്കി ചുവടെ ചേർത്ത പ്രകാരം അക്രഡിറ്റ് ഏജൻസിയായ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക നൽകിയിട്ടുണ്ട്.

| Item No | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | Compacting Original Ground (Code 3.15.2) | 55.08 Cum | 48.21/cum | 2655.41 |
| 2 | Wet Mix Mecadam (Code 4.9) . | Not Executed | | 0.00 |
| 3 | Providing Concrete For Plain/reinforced Concrete In Open Foundations, PCC Nominal Mix 1:2:4 | 26.415 Cum | 7239.58/cum | 191233.51 |

| | | | | |
|---|---|---|---|---|
| | (Code 11.4.3.1) | | | |
| 4 | Dry Rubble Masonry (Code OD 281136/2017-2018) | 105.30 Cum | 2512.75/cum | 264592.58 |
| 5 | Providing Concrete For Plain/reinforced Concrete In Open Foundations, PCC Nominal Mix 1:2:4 (Code 11.4.3.2) | Not Executed | | 0.00 |
| 6 | Excavation In Cutting In Soil By Manual Means (Code 3.5.1) | 24.30 Cum | 219.12/cum | 5324.62 |
| Extra Item 1 | Providing Concrete For Plain/reinforced Concrete In Open Foundations, PCC Nominal Mix 1:4:8 | 27.54 Cum | 5768.71/cum | 158870.27 |
| | Total | | | 622676.39 |
| | Rounded To | | | 6,22,676/- |
| | (-) Advance Paid | | | 1,40,000/- |
| | (-) Income Tax @ 2% | | | 12,454/- |
| | (-) CGST @ 1% | | | 6,227/- |
| | (-) SGST @ 1% | | | 6,227/- |
| | (-) KCWWF @ 1% | | | 6,227/- |
| | Net Amount Paid | | | 4,51,541/- |

അക്രഡിറ്റ് ഏജൻസികളെ നേരിട്ട് എൽപ്പിക്കുന്ന പ്രവൃത്തികൾക്ക് കരാറുകാരന്റെ ലാഭം (CP) അനുവദനീയമല്ല. എന്നാൽ എസ്റ്റിമേറ്റിൽ 10% കരാറുകാരന്റെ ലാഭം (CP) തെറ്റായി അനുവദിച്ചതുമൂലം 11,321/- രൂപയുടെ അധിക ചെലവ് ഗ്രാമ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. പ്രവൃത്തി ചെയ്തതിന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് യഥാർത്ഥത്തിൽ അനുവദിക്കേണ്ടുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | ₹ 5,66,069/- (₹ 6,22,676 X 100/110) |
| (+) 8 % സെന്റേജ് ചാർജ്ജ് | ₹ 45,286/- |
| ആകെ | ₹ 6,11,355 /- |
| പ്രവൃത്തിയ്ക്കായി ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ട തുക | ₹ 6,11,355/- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 6,22,676/- |
| അധികം ചെലവഴിച്ച തുക | ₹ 11,321/- |

പ്രവൃത്തിയ്ക്കായ് അധികം ചെലവഴിച്ച 11,321/- രൂപ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ആയത് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ആയത് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു. ഈ തുക ഈടാക്കി സഞ്ചിത നിധിയിൽ അടക്കേണ്ടതാണ്. (പ്രവൃത്തിക്കായി ₹ 11,321/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.9 തീ: 30.06.2022 പ്രകാരം ആവശ്യപ്പെട്ടിരുതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 24.06.2022 & 25.06.2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 77350 | 0089. ജൈവ പച്ചക്കറി കൃഷി (ജനറൽ) | 77350 | 0 |
| | 2020-21 | 148000 | 0355.നെൽകൃഷി വികസനം (ജനറൽ) | 148000 | 0 |
| | 2020-21 | 155037 | 0356 ഇടവിള കൃഷി-വാഴക്കന്ന് കിഴങ്ങ് വർഗ്ഗ വിളകൾക്ക് സുഗന്ധവ്യഞ്ജനങ്ങൾ പയറുവർഗ്ഗ വിളകൾ | 155037 | 0 |
| | 2020-21 | 85000 | 0058.സമഗ്ര നെൽകൃഷി വികസനം | 85000 | 0 |
| | 2020-21 | 200100 | 347. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത -പൊതുവിഭാഗം | 200100 | 0 |
| | 2020-21 | 326800 | 0081.347. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത -പൊതുവിഭാഗം | 326800 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | 2020-21 | 305360 | 0036.ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) | 305360 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 255000 | 211.നെൽകൃഷി വികസനം (ജനറൽ) | 255000 | 0 |
| | 2020-21 | 255000 | 0058.സമഗ്ര നെൽകൃഷി വികസനം | 255000 | 0 |
| | 2020-21 | 99997 | 0029.സാന്ത്വന പരിചരണം | 99997 | 0 |
| | 2020-21 | 247800 | 347.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത -പൊതുവിഭാഗം | 247800 | 0 |
| | 2020-21 | 100000 | 247.ആശ്രയപദ്ധതി | 100000 | 0 |
| | 2020-21 | 1150000 | 0036.ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) | 1150000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അത്തിയടുക്കംപാറ WSS | Pro.No 225/21 | 500000 | 500000 | 0 |
| ജില്ലാ കലക്ടർ | പിണ്ടിക്കടവ് നടപ്പാലം | Pro.No 226/21 | 400000 | 400000 | 0 |
| കേരള വാട്ടർ അതോറിറ്റി | ആനപ്പെട്ടി കോട്ടപ്പാറ എസ്.ടി കോളനി WSS | Pro.No 378/21 | 600000 | 0 | 600000 |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ | Pro.No 387/21 | 1857581 | 1857581 | 0 |

| | | | | | |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഒടയംചാൽ ICDP Subcenter വൈദ്യുതി ലൈൻ | Pro.No 393/21 | 45000 | 43293 | 1707 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ബേളൂർ യു.പി സ്കൂൾ വൈദ്യുതി ലൈൻ മാറ്റൽ | Pro.No 394/21 | 26000 | 25978 | 22 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 68/2018/ തസ്വഭവ,തിയതി 18.05.2018 | 3,10,25,017 | 2,22,72,664 + 68,70,000(തൻവർഷം ലഭിച്ച വായ്പാ തുക) = 2,91,42,664 | 29,28,314 | 0 | 2,62,14,350 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ചത് | 50,00,000 |
| ആകെ | 50,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന തുക | 50,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.(31-3-2021)

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി (Renewel) | കാലയളവ് | തുക |
|---|---|---|---|---|
| 1 | തായന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | 29.03.2021 | 6 മാസം | 25,00,000 |
| 2 | പനത്തടി സർവ്വീസ് | 29.03.2021 | 6 മാസം | 25,00,000 |

| | | | | |
|---|---|---|---|---|
| | സഹകരണ ബാങ്ക് | | | |
| | | | ആകെ | 50,00,000 |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 36,330/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-15 | 600 | സെക്രട്ടറി, ബേളൂർ ക്ഷീരോത്പാദക സഹകരണ സംഘം | 120030100061 തീയ്യതി 11.05.2020 |
| 2018-19 | 1-15 | 600 | സെക്രട്ടറി, കാലിച്ചാനടുക്കം ക്ഷീരോൽപ്പാദക സഹകരണ സംഘം | 120030100082 തീയ്യതി 12/05/2020 |
| 2018-19 | 1-15 | 600 | സെക്രട്ടറി, പൊടവടുക്കം ക്ഷീരോൽപ്പാദക സഹകരണ സംഘം | 120030100094 തീയ്യതി 14/05/2020 |
| 2010-11 2011-12 | 2(1)(2) | 240 | 1. ദിവ്യ സി-എൻജിനീയർ 2.പ്രവീൺകുമാർ-അഗ്രണോമിസ്റ്റ് മൊടഗ്രാം വാട്ടർഷെഡ് | 120030100375 തീയ്യതി 09/06/2020 |
| 2010-11 2011-12 | 2(1)(2) | 240 | 1. ദിവ്യ സി-എൻജിനീയർ 2.പ്രവീൺകുമാർ-അഗ്രണോമിസ്റ്റ് മൊടഗ്രാം വാട്ടർഷെഡ് | 120030100376 തീയ്യതി 09/06/2020 |
| 2010-11 2011-12 | 2(1)(1) | 2500 | സഹീർ അബ്ബാസ് | 120030100425 തീയ്യതി 11.06.2020 |
| 2010-11 2011-12 | 2(1)(1) | 240 | 1.ബിജു തോമസ് 2.ബിജുമോൻ | 120030100457 തീയ്യതി 15.06.2020 |
| 2010-11 2011-12 | 2(1)(1) | 240 | വി. സിറിയക് വടക്കുംമൂല | 120030100476 തീയ്യതി 16.06.2020 |
| 2010-11 2011-12 | 2(1)(1) | 360 | റോസമ്മ സിറിയക്, മത്തായ് ഓയിൽ &ഫ്ലോർ മിൽ | 120030100477 തീയ്യതി 16.06.2020 |

| | | | | |
|---|---|---|---|---|
| 2010-11<br>2011-12 | 2(1)(1) | 2500 | എം.സി ജെയിംസ്<br>St.Georgewood Industries,Iriya | 120030100617<br>തീയ്യതി 29/06/2020 |
| 2010-11<br>2011-12 | 2(1)(1) | 240 | ജസ്റ്റിൻ തോമസ്<br>മദർ ഡിജിറ്റൽ സ്റ്റുഡിയോ | 120030100728<br>തീയ്യതി 29.06.2020 |
| 2010-11<br>2011-12 | 2(1)(4) | 2500 | സെക്രട്ടറി,തായന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | 120030100731<br>തീയ്യതി 30.06.2020 |
| 2010-11<br>2011-12 | 2(1)(4) | 2500 | സെക്രട്ടറി,തായന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | 120030100732<br>തീയ്യതി 30.06.2020 |
| 2010-11<br>2011-12 | 2(1)(4) | 2500 | സെക്രട്ടറി,തായന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | 120030100733<br>തീയ്യതി 30.06.2020 |
| 2010-11<br>2011-12 | 2(1)(4) | 2500 | സെക്രട്ടറി,തായന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | 120030100734<br>തീയ്യതി 30.06.2020 |
| 2010-11<br>2011-12 | 2(1)(1) | 2500 | ശ്രീമതി സാവിത്രി തമ്പാൻ, ശ്രീശിവ ഗ്രാനൈറ്റ് കോളിയാർ | 120030100762<br>തീയ്യതി 01/07/2020 |
| 2010-11<br>2011-12 | 2(1)(1) | 2500 | ശ്രീ.തമ്പാൻ നായർ<br>ശ്രീകൃഷ്ണ മെറ്റൽ ഇൻഡസ്ട്രീസ് | 120030100763<br>തീയ്യതി 01.07.2020 |
| 2010-11<br>2011-12 | 2(1)(1) | 240 | കെ.ജെ.ജയിംസ്<br>കണ്ടത്തിൻകര | 120030101045<br>തീയ്യതി 04/08/2020 |
| 2010-11<br>2011-12 | 2(1)(1) | 240 | പി കെ അഹമ്മദ് ഹാജി | 120030101046<br>തീയ്യതി 04/08/2020 |
| 2010-11<br>2011-12 | 2(1)(1) | 240 | ഡോ.രാജു പി | 120030101047<br>തീയ്യതി 04/08/2020 |
| 2012-13<br>2013-14 | 3(3) | 2000 | സെക്രട്ടറി,ചെറുവന്നൂർ<br>ഗ്രാമപഞ്ചായത്ത്,കോഴിക്കോട് | 1200100380<br>തീയ്യതി 03/11/2020 |
| 2012-13<br>2013-14 | 2(1) | 300 I St Half<br>300 II Nd Half | റനീഷ് വി, ഡ്രൈവർ | 1200102219&1200102220<br>തീയ്യതി 09/02/2021 |
| 2012-13<br>2013-14 | 2(iii) | 1250 | സെക്രട്ടറി, തായന്നൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ചെന്തളം ശാഖ | 1200102291<br>തീയ്യതി 12/02/2021 |
| 2012-13<br>2013-14 | 2(iii) | 1250 | സെക്രട്ടറി,<br>തായന്നൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് കാലിച്ചാനടുക്കം ശാഖ | 1200102292<br>തീയ്യതി 12/02/2021 |
| 2012-13<br>2013-14 | 2(iii) | 1250 | സെക്രട്ടറി,<br>തായന്നൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലായിക്കോട് ശാഖ | 1200102293<br>തീയ്യതി 12/02/2021 |
| 2012-13<br>2013-14 | 2(iii) | 1250 | സെക്രട്ടറി,<br>തായന്നൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ഏഴാംമൈൽ ശാഖ | 1200102294<br>തീയ്യതി 12/02/2021 |
| 2014-15 | 2(3) | 600 | എം.കെ ജോസ്<br>പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ | 1200103111<br>തീയ്യതി 06/03/2021 |
| 2014-15 | 2(3) | 600 1 St Half | അനിൽ ജോസ്,<br>പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ | 1200103361<br>&1200103362 തീയ്യതി |

| | | | | |
|---|---|---|---|---|
| | | 600 2 Nd Half | | 15/03/2021 |
| 2012-13 2013-14 | 2(V) | 350 | റഹീം കെ, ബ്രൈറ്റ് ഇലക്ട്രിക്കൽസ്,ഒടയംചാൽ | 1200103667 തീയ്യതി 19/03/2021 |
| 2014-15 | 2(4) | 2500 | രജീഷ് എ കെ | 1200104143 തീയ്യതി 26/03/2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1990-91, 91-92,& 92-93 | ഖ.7F(1)(2) | 2000-01 | lv-120 | പിരിച്ചെടുത്ത തുകകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. | പ്രാദേശിക പരിശോധന നടത്തി 8-7-2011 ന് റിപ്പോർട്ട് നല്കിയിട്ടുണ്ട്. സമിതി നിർദ്ദേശാനുസരണം വസ്തുതാപരിശോധന റിപ്പോർട്ടിന്മേൽ |

| | | | | | |
|---|---|---|---|---|---|
| | | | | | സൂക്ഷ്മ പരിശോധന റിപ്പോർട്ട് 26.11.2019 ന് ഡയറക്ടറേറ്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്.( LFAC 2006-08, 7 മത് റിപ്പോർട്ട് ഖ.81,82 ) |
| 2014-15 | 2-7 | 2016-17 | അധ്യായം.1 അനുബന്ധം 3 | വസ്തു നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| 2014-15 | 2.1,2-2,2.3, 2.4,2.5,2.6 | 2016-17 | അധ്യായം.2 അനുബന്ധം 4 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| 2015-16 | 2-2 | 2016-17 | അധ്യായം.2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി ഈടാക്കിയ തുക – ഇല്ല.
ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക- ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹1,6952666.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹13,50,01,847.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 11,321/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹34,91,449 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | ₹ 11,321/- | ₹3,774/- കെ.എം.കുഞ്ഞുമോൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | | ₹3,774/- സനൽ എ തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | ₹3,773/- ഷാനജ്.പി.വി അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 4,97,860 | ശരത്മ പി സുകുമാരൻ എെ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-20 | 17,05,300 | വെറ്ററിനറി സർജൻ |
| 1-22 | 38,640 | ശരത്മ പി സുകുമാരൻ എെ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 2,47,800 | ശരത്മ പി സുകുമാരൻ ഐെ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 1,849 | ശരണ്യ വേണ ഐെ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-28 | 1,00,000 | സനിൽകുമാർ ജി, സെക്രട്ടറി |
| 1-29 | 9,00,000 | സനിൽകുമാർ ജി, സെക്രട്ടറി |
| ആകെ | 34,91,449 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | ₹ 6,250 | സനൽ എ തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ. |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ 1-21

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും –

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എം.കുഞ്ഞുമോൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സേവനത്തിൽ നിന്നും വിരമിച്ച | അജന്ത (ഹൗസ്), കറുകയിൽ, തത്തംപള്ളിപി.ഒ, ആലപ്പുഴ ജില്ല, പിൻ- 680013 |
| സനൽ എ തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.ഐ.ഡി & ഇ.ഡബ്ല്യു സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക് പഞ്ചായത്ത്. | ആലക്കാൽ ഹൗസ്, കോളിച്ചാൽ-പി.ഒ, കാസറഗോഡ് ജില്ല-671532 |
| ഷാനജ്.പി.വി അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.ഐ.ഡി & ഇ.ഡബ്ല്യു സെക്ഷൻ, പുല്ലൂർപെരിയ ഗ്രാമപഞ്ചായത്ത്. | S/o പി.വി. രാമചന്ദ്രൻ, ചായ്യോത്ത് ഹൗസ്, ചായ്യോത്ത്-പി.ഒ, നീലേശ്വരം-വഴി, കാസറഗോഡ് ജില്ല-671314 |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 To 1992-93 | കെ.എസ്.എ കെ.എസ്.ഡി10/1132/18(5) തി.12.6.2019 | 5 |
| 1996-97 (Exp) | കെ.എസ്.എ കെ.എസ്.ഡി10/1132/18(7) തി.12.6.2019 | 3 |
| 1997-98 | കെ.എസ്.എ കെ.എസ്.ഡി10/1132/18(9) തി.12.6.2019 | 18 |
| 1998-99 | കെ.എസ്.എ കെ.എസ്.ഡി10/1132/18(10) തി.12.6.2019 | 7 |
| 1999-00 | കെ.എസ്.എ കെ.എസ്.ഡി10/1132/18(11) തി.12.6.2019 | 5 |
| 2000-01 | നം.LF/KSD. -3/127/09. തി: 19-12-09 | 10 |
| 2001-02 | നം.LF/KSD. 3/115/09. തി: 05-11-09 | 20 |
| 2002-03 | നം.LF/KSD.3: 323/10, തി: 18-12-10 | 4 |
| 2003-04 | നം.LF/KSD.3/323(എ)/10. തി: 18-12-10 | 4 |
| 2004-05 | നം.LF/KSD.3/311/10. തി: 18-12-10 | 7 |
| 2005-06 | നം.LF/KSD.6/ 139/11. തി: 07-12-11 | 21 |
| 2006-07 | നം.LF/KSD.6/140/11. തി:28-12-11 | 20 |
| 2007-08 | നം.LF/KSD.3/ 941/11. തി:14-02-12 | 15 |
| 2008-09 To 2009-10 | നം.LF/KSD.2/283/13. തി:12.06.13 | 33 |
| 2010-11 To- 2011-12 | നം.LF/KSD.9/205/14. തി: 05-12-14 | 31 |
| 2012-13 & 2013-14 | നം.LF/KSD.7/263/15. തി: 13-08-15 | 26 |
| 2014-15 | നം.KSA/KSD.10/167/2016 തി. 15.02.2016 | 32 |
| 2015-16 | നം.KSA/KSD.10/1259/2016 തിയ്യതി. 20.12.2016 | 24 |
| 2016-17 | നം.KSA/KSD.10/1217/2017 തിയ്യതി. 18.09.2017 | 12 |
| 2017-18 | നം.KSA/KSD.10/1395/2018 തിയ്യതി. 18.12.2018 | 25 |
| 2018-19 | കെ.എസ്.എ.കെ.എസ്.ഡി10/115/2020,തീയതി 5/02/2020 | 32 |
| 2019-20 | കെ.എസ്.എ.കെ.എസ്.ഡി11/204/2022,തീയതി | 33 |

| | | | |
|---|---|---|---|
| | 24/03/2022 | | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Kodom Belur Grama Panchayat

Income & Expenditure Statement

For the period from 01-04-2020 to 31-03-2021

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 6,452,037.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 200.00 |
| 140000000 | Fees & User Charges | I-4 | 901,387.00 |
| 150000000 | Sales & Hire Charges | I-5 | 292,234.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 337,804,483.00 |
| 170000000 | Income from Investments | I-7 | 0.00 |
| 171000000 | Interest Earned | I-8 | 702,556.00 |
| 180000000 | Other Income | I-9 | 10,002.00 |
| A | Total - INCOME | | 346,162,899.00 |
| 210000000 | Establishment Expenses | I-10 | 11,217,327.00 |
| 220000000 | Administrative Expenses | I-11 | 1,553,255.00 |
| 230000000 | Operations & Maintenance | I-12 | 2,848,577.00 |
| 240000000 | Interest & Finance Charges | I-13 | 360,772.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 14,640,080.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 58,660,967.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 7,917,157.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 146,056,573.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 99,903,300.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1,770,929.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 0.00 |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 0.00 |
| 190000000 | Prior Period Income | I-19 | 180,528.00 |
| B | B - Total : EXPENDITURE | | 344,928,937.00 |
| C = A-B | Gross Surplus / (deficit) of income over expenditure before Prior Period Items. | | 1,233,962.00 |
| D=190000000 | Prior Period Income | I-19 | 184,688.00 |
| E = C-D | Gross Surplus / (deficit) of income over expenditure after Prior Period Items. | | 1,049,274.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reverse Funds | | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | |
| Remarks: | | | |

അനുബന്ധം 4

റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Kodom Belur Grama Panchayat

Receipt and Payment Report

| For the period from 01-04-2020 to 31-03-2021 | | | |
|---|---|---|---|
| Code | Head Account | Schedule No. | Current Year Amount (Rs.) |
| Opening Balance | | | |
| 450000000 | Cash and Bank balance | RP-40(a) | 43,074,181.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,198,790.00 |
| 130000000 | Head 3 | RP-3 | 200.00 |
| 140000000 | Fees & User Charges | RP-4 | 686,387.00 |
| 150000000 | Sale & Hire Charges | RP-5 | 292,234.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 84,784,531.00 |
| 171000000 | Interest Earned | RP-9 | 702,556.00 |
| 190000000 | Prior Period Income | RP-11 | 113,352.00 |
| 290000000 | Prior Period Item | RP-25 | 0.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 21,828,804.50 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-45 | 5,333,439.00 |
| Non-Operating | | | |
| 180000000 | Other Income | RP-10 | 10,002.00 |
| 330000000 | Secured Loans | RP-31 | 6,870,000.00 |
| 340000000 | Deposits Received | RP-33 | 110,400.00 |
| 350000000 | Other Liabilities | RP-35 | 1,947,790.00 |
| | Total : | | 166,952,666.50 |
| Payments | | | |
| Operating | | | |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 0.00 |
| 210000000 | Establishment Expenses | RP-12 | 1,912,335.00 |
| 220000000 | Administrative Expenses | RP-13 | 542,594.00 |
| 230000000 | Operations & Maintenance | RP-14 | 1,180,631.00 |
| 240000000 | Interest & Finance Charges | RP-15 | 360,035.00 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 16,282,891.00 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 33,659,181.00 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 5,459,153.00 |
| 254000000 | State Sponsored Schemes | RP-19 | 730,000.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 90,198.00 |

| | | | |
|---|---|---|---|
| 290000000 | Prior Period Item | RP-25 | -4,160.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 180,949.00 |
| 412000000 | Capital Work In Progress | RP-39 | 11,426,419.00 |
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 1,587,207.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 6,855,008.00 |
| 440000000 | Pre-paid Expenses | RP-47 | 3,480,000.00 |
| 460000000 | Loans, Advances and Deposits | RP-49 | 2,046,190.00 |
| 470000000 | Other Assets | RP-50 | 20,780.00 |
| Non-Operating | | | |
| 340000000 | Deposits Received | RP-33 | 9,000.00 |
| 350000000 | Other Liabilities | RP-35 | 49,106,936.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | RP-40 | 76,500.00 |
| Closing Balance | | | |
| 450000000 | Cash and Bank balance | RP-40(b) | 31,950,819.50 |
| | Total : | | 166,952,666.50 |

അനുബന്ധം 5

ബാലൻസ് ഷീറ്റ്

Kodom Belur Grama Panchayat

Balance Sheet

| Balance Sheet as on 31-03-2021 | | | |
|---|---|---|---|
| Code No | Description of items | Schedule No. | Current Year Amount (Rs.) |

| | | | |
|---|---|---|---|
| 310000000 | Panchayat (General) Fund | B-1 | 8,279,403.00 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 117,242,204.00 |
| 320000000 | Grants, Funds and Contributions for specific purposes | B-4 | 24,181,533.50 |
| 330000000 | Secured Loans | B-5 | 26,214,350.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 512,283.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 7,499,951.00 |
| 360000000 | Provisions | B-10 | 0.00 |
| | Total : | | 183,929,724.50 |
| 410000000 | Fixed Assets | B-11 | 2,630,369.00 |
| 412000000 | Capital Work-in-Progress | B-11(b) | 8,310,000.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 8,105,011.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 17,165,585.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 171,909,610.00 |
| 416000000 | Accumulated Depreciation | B-11(a) | -97,657,517.00 |
| 420000000 | Investment -General Fund | B-12 | 5,000,000.00 |
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 6,319,348.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 |
| 440000000 | Pre-paid Expenses | B-16 | 26,214,350.00 |
| 450000000 | Cash and Bank Balance | B-17 | 31,950,819.50 |

| | | | |
|---|---|---|---|
| 460000000 | Loans, advances and deposits | B-18 | 3,982,149.00 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | Total : | | 183,929,724.50 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.